
# ബൈബിൾ സ്റ്റാൻഡാർഡ്

BIBLE STANDARD (Malayalam)
BI-MONTHLY

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക

"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 944**


ഉൾപേജുകളിൽ.... പേജ്

സഹജീവികളോടുള്ള മനുഷ്യന്റെ മനുഷ്യത്വമില്ലായ്മ .......... 2

യാക്കോബിന്റെ കഷ്ടകാലം .......... 10

ബൈബിൾ സംഭാഷണങ്ങൾ .......... 22




VOL - XVII, ISSUE 5 SEPTEMBER - OCTOBER 2024

# സഹജീവികളോടുള്ള മനുഷ്യന്റെ മനുഷ്യത്വമില്ലായ്മ

## MAN'S INHUMANITY TO HIS FELLOW MAN

**"ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു." (1 യോഹ. 4:16).**

ഈ വചനം ലോകത്തിൽ നിന്നും വ്യത്യസ്തരായ തന്റെ സമർപ്പിത മക്കളോടുള്ള ദൈവത്തിന്റെ പ്രത്യേക സ്നേഹവും കരുതലും വ്യക്തമാക്കുന്നതാണ്. ബൈബിളിലെ ദൈവം സ്നേഹമാണെന്ന പ്രസ്താവനയും താൻ ജ്ഞാനിയും നീതിയുള്ളവനും സർവ്വശക്തനുമാണെന്ന ഉപദേശവും ക്രിസ്ത്യാനികൾ പൊതുവെ അംഗീകരിക്കുന്നുവെങ്കിലും ദൈവത്തെ പ്രഥമമായി സ്നേഹിച്ച് അവന്റെ കണ്ണുകൾക്ക് ഇമ്പമായ കാര്യങ്ങൾ ചെയ്യുവാൻ മനസ്സൊരുക്കവുമുള്ളവനും ഉത്സുകനും ആയിരുന്നാൽ മാത്രമേ ഈ വചനത്തിന്റെ ആശയാർത്ഥത്തിൽ തന്റെ അയൽക്കാരനെ സ്നേഹിക്കുവാൻ ഏതു മനുഷ്യനും കഴിയുകയുള്ളു.




തിരിച്ച്, അവനോടുള്ള സ്നേഹത്തിൽ നിന്നു നാം "അവനെ ആത്മാവിലും സത്യത്തിലും ആരാധിക്കണം" എന്നു താൻ ആഗ്രഹിക്കുന്നു. ഇപ്പോഴുള്ളതും ഇനി വരാനിരിക്കുന്നതുമായ ലോകത്തിലെ ശിക്ഷയോടുള്ള ഭയത്തിൽ നിന്ന് ജനിക്കുന്നതാകരുത് ആരാധന. എന്തെന്നാൽ "തികഞ്ഞ സ്നേഹം ഭയത്തെ (ഭീതിയെ) പുറത്താക്കിക്കളയുന്നു" (1 യോഹ. 4:8-12, 16-21; യോഹ. 4:24). ദൈവം തന്റെ സമർപ്പിത മക്കളെ ഇങ്ങനെ പഠിപ്പിക്കുന്നു, "ഞാനല്ലാതെ വേറൊരു ദൈവമില്ല; ഞാനല്ലാതെ നീതിമാനായൊരു ദൈവവും രക്ഷിതാവും ഇല്ല" (യെശ. 45:21). താനല്ലാതെ വേറൊരു ദൈവം ഇല്ലാത്തതിനാൽ തന്നിലേക്ക് നോക്കി രക്ഷിക്കപ്പെടുവാൻ അവൻ നമ്മോട് ആജ്ഞാപിക്കുന്നു. "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികളൊക്കെയും ന്യായം; അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നെ" (ആവ. 32:4).

"ആകാശം നിനക്കുള്ളത്, ഭൂമിയും നിനക്കുള്ളത്, ഭൂതലവും അതിന്റെ പൂർണ്ണതയും നീ സ്ഥാപിച്ചിരിക്കുന്നു. ദക്ഷിണോത്തര ദിക്കുകള നീ സൃഷ്ടിച്ചിരിക്കുന്നു; താബോറും ഹെർമോനും നിന്റെ നാമത്തിൽ ആനന്ദിക്കുന്നു; നിനക്ക് വീര്യമുള്ളോരു ഭുജം ഉണ്ട്; നിന്റെ കൈ ബലമുള്ളതും നിന്റെ വലംകൈ ഉന്നതവുമാകുന്നു. നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു. ജയഘോഷം അറിയുന്ന ജനത്തിനു ഭാഗ്യം; യഹോവേ, അവർ നിന്റെ മുഖപ്രകാശത്തിൽ നടക്കും. അവർ ഇടവിടാതെ നിന്റെ നാമത്തിൽ ഘോഷിച്ചുല്ലസിക്കുന്നു. നിന്റെ നീതിയിൽ അവർ ഉയർന്നിരിക്കുന്നു. നീ അവരുടെ ബലത്തിന്റെ മഹത്വമാകുന്നു; നിന്റെ പ്രസാദത്താൽ ഞങ്ങളുടെ കൊമ്പ് ഉയർന്നിരിക്കുന്നു" (സങ്കീ. 89:11-17).

"എന്നാൽ ദുഷ്ടനോടു ദൈവം അരുളിച്ചെയ്യുന്നു: നീ എന്റെ ചട്ടങ്ങളെ അറിയിപ്പാനും എന്റെ നിയമത്തെ നിന്റെ വായിൽ എടുപ്പാനും നിനക്കെന്ത് കാര്യം? നീ ശാസനയെ വെറുത്തു എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞുകളയുന്നുവല്ലോ. കള്ളനെക്കണ്ടാൽ നീ അവനു അനുകൂലപ്പെടുന്നു; വ്യഭിചാരികളോടു നീ പങ്കുകൂടുന്നു. നിന്റെ വായ് നീ ദോഷത്തിനു വിട്ടുകൊടുക്കുന്നു; നിന്റെ നാവ് വഞ്ചന പിണെക്കുന്നു. നീ ഇരുന്നു നിന്റെ സഹോദരനു വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു; എന്നാൽ ഞാൻ നിന്നെ ശാസിച്ചു നിന്റെ കണ്ണിൻമുൻപിൽ അവയെ നിരത്തിവയ്ക്കും. ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിപ്പാൻ ആരും ഉണ്ടാകയുമില്ല. സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ

മഹത്വപ്പെടുത്തുന്നു; തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവനു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും.” (സങ്കീ. 50:16-23).




“നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അത് നിങ്ങൾക്ക് കിട്ടും” (യോഹ. 5:7). സർവ്വശക്തനായ സ്രഷ്ടാവിനോടു ബന്ധം പുലർത്തുന്നതിനു എത്ര വലിയ അവകാശമാണ് നാം പ്രാപിച്ചിരിക്കുന്നത്! തെറ്റായ ഉപദേശങ്ങൾ യഥാർത്ഥ സമർപ്പിത പൈതലിനും ദൈവനാമത്തിനും അപമാനം വരുത്തുന്നവയാണ്. നാമധേയ ക്രൈസ്തവരുടെ കത്തുന്ന നരകാഗ്നിയുടെ ഉപദേശം ദൈവത്തിന്റെ സ്നേഹമെന്ന സ്വഭാവത്തിനു വിരുദ്ധമാണ്.

## ദൈവത്തിന്റെ ഗീഹെന്നാ തീ

“ചാകാത്ത പുഴുവും കെടാത്ത തീയും” (മർക്കൊ. 9:44). “സത്യവചനത്തെ ശരിയായി വിഭാഗിച്ചുകൊണ്ട്” അക്ഷരീകവും അലങ്കാരികവുമായ പ്രസ്താവനകളെ നാം വ്യക്തമായി വേർതിരിക്കണം. ഈ വചനത്തെ നൂറ്റാണ്ടുകളായി ദൈവജനം തെറ്റിദ്ധരിച്ചു. ഇപ്പോഴും അവരിൽ പലരും അതിനെ തെറ്റിദ്ധരിക്കുന്നു. സർവ്വശക്തനായ സ്രഷ്ടാവ് ഒട്ടും ദയയില്ലാത്തവനും പിതൃത്വം ഇല്ലാത്തവനും ആണെന്ന് തോന്നിപ്പോകും വിധം ആണ് ഇതിനെ തെറ്റിദ്ധരിപ്പിക്കുന്നത്. ലോകസ്ഥാപനത്തിന് മുൻപുതന്നെ നീതിമാനായ ദൈവം അഗ്നിയുടെയും ദണ്ഡനത്തിന്റെയും പീഡനത്തിന്റെയും ഒരു മഹാ ഗീഹെന്ന ഒരുക്കിയിട്ടുണ്ടെന്നും മനുഷ്യരാശി ഒന്നാകെ ആദാമ്യ പാപത്താൽ ഇതിനായി വിധിക്കപ്പെട്ടവരാണെന്നും, എന്നാൽ യേശുവിന്റെ മരണം കൊണ്ട് “ഇടുക്കുവഴിയിലൂടെ” അവന്റെ കാൽച്ചുവട് പിൻതുടരുന്ന ഒരു ചെറിയകൂട്ടം ജനത്തിന് ഈ ഭയാനകമായ നിത്യവിധിയിൽ നിന്ന് രക്ഷപെടാൻ ഒരു അവസരം ലഭിച്ചു എന്നും ഉള്ള വിശ്വാസവുമാണ് പലർക്കും ഇന്നുള്ളത്.

എന്നാൽ ചിലർ പറയുന്നത് അങ്ങനെയല്ല, ദൈവം സ്നേഹമാണെന്നാണ്. അപ്പോൾ ഇവിടെയുള്ള കെടാത്ത തീയും ചാകാത്ത പുഴുവും ദൈവത്തിന്റെ സ്നേഹ സ്വഭാവത്തിനു ജയിക്കാൻ കഴിയാത്ത കാര്യങ്ങളാണെന്ന് വരും. പ്രാരംഭത്തിലെ ജ്ഞാനമില്ലായ്മ കൊണ്ടോ, ശക്തിയുടെ കുറവു കൊണ്ടോ സർവ്വശക്തന് ഒരു കൂട്ടം ജനത്തെ മാത്രം രക്ഷിച്ച്, മനുഷ്യരാശിയിലെ ശേഷിക്കുന്നവരെ മുഴുവൻ കെടാത്ത തീയും ചാകാത്ത പുഴുവും ഉള്ളിടത്ത് നിത്യദണ്ഡനം അനുഭവിക്കുന്നതിനു അനുവദിക്കുകയല്ലാതെ മറ്റു വഴികളില്ലെന്നു അവർ പറയുന്നു.

നമ്മുടെ മഹാഗുരുവിന്റെ അധരങ്ങളിൽ നിന്നും പുറപ്പെട്ട ഈ വാക്കുകൾ വേദനാജനകമായി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധരായി തെരഞ്ഞെടുക്കപ്പെടുന്നവർ മാത്രമേ സ്വർഗ്ഗം അവകാശമാക്കുകയുള്ളൂവെന്നും ശേഷിക്കുന്നവർക്ക് സ്വർഗ്ഗം നഷ്ടമാവുക മാത്രമല്ല അവർ നിത്യദണ്ഡനം അനുഭവിക്കേണ്ടി വരുമെന്നും കൂടെ ചെറുപ്പം മുതൽ അവരെ പഠിപ്പിക്കുന്നു. അതുകൊണ്ട് നമ്മുടെ ഈ വചനം, മനുഷ്യരാശി മുഴുവനും എന്താണ് അനുഭവിക്കേണ്ടി വരുന്നത് എന്നതിന്റെ സൂചികയായി മാറുന്നു. ഈ നരകം ബൈബിളിന്റെ പുറത്തു നിന്നും ബാല്യം മുതൽ കടന്നുകൂടി ചൂടു പിടിച്ചിരിക്കുന്നു. എന്നേക്കും ഈ തീയെ എങ്ങനെ ജീവനുള്ളവയേതും അനുഭവിക്കും എന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിൽ വിഷമിക്കേണ്ട, ദൈവം തന്റെ സർവ്വശക്തിയും ഉപയോഗിച്ച് നമ്മെ തീക്കും വേദനയ്ക്കും അതീതരാക്കി തീർക്കും എന്നായിരിക്കും അതിനുള്ള മറുപടി. കഷ്ടം, തീക്ക് ഹാനി വരുത്തുവാൻ കഴിയാത്ത പുഴുക്കളും മനുഷ്യരും എന്നുള്ള സങ്കല്പം കൊണ്ട്, മനുഷ്യ മനസ്സിന്റെ ധാരണ എത്ര വികലമായി തീർന്നിരിക്കുന്നു.

“അവരുടെ പുഴു ചാകുന്നില്ല തീ കെടുന്നില്ല” എന്നുള്ള ബൈബിൾ വാക്യം യെരുശലേമിനു പുറത്തുള്ള “ഹിന്നോമിന്റെ താഴ്വര” എന്ന അർത്ഥമുള്ള ഗീഹന്നയെ (ഗ്രീക്ക് പദം) കുറിച്ച് പറഞ്ഞിരിക്കുന്നതാണ്. “കെടാത്ത തീ” എന്ന പദപ്രയോഗം ഗീഹന്നയുടെ താഴെ ഗന്ധകം കത്തുന്നതിനെ സൂചിപ്പിക്കുന്നു. രോഗാണുക്കളെയും ബാക്ടീരിയകളെയും നശിപ്പിക്കുന്നതിനും നഗരത്തിന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനും ആണ് ഗന്ധകം ഉപയോഗിക്കുന്നത്. ആ താഴ്വരയിലേക്ക് വലിച്ചെറിയു

ന്ന എന്തും തിന്നുന്നതിന് അവിടെ പുഴുക്കൾ ഉണ്ടായിരുന്നു. എന്നാൽ അവ തീയിൽ അല്ല, മുകളിലുള്ള പാറകളിലാണ് കാണപ്പെടുന്നത്. "ചാകാത്ത പുഴു" എന്നു പറയുന്നതുകൊണ്ട് അത് നിത്യജീവനുള്ള പുഴുക്കൾ ആണെന്ന് അർത്ഥമില്ല. അവ അവിടെയുള്ള മാലിന്യങ്ങളെ തിന്ന് പൂർണ്ണമായി നശിപ്പിക്കുന്നത് വരെ അവിടെ ഉണ്ടാകും എന്നേ അർത്ഥമുള്ളു. ഈ അറിവ് യെശ. 66:24 ൽ നിന്ന് എടുത്തതാണ്, "അവർ പുറകോട്ട് ചെന്ന് എന്നോട് അതിക്രമം ചെയ്ത മനുഷ്യരുടെ ശവങ്ങളെ നോക്കും; അവരുടെ പുഴു ചാകയില്ല; അവരുടെ തീ കെട്ടുപോകയില്ല; അവർ സകല ജഡത്തിനും അറപ്പായിരിക്കും". പ്രവാചകനും നമ്മുടെ ഗുരുവും ഉപയോഗിച്ച ചിത്രം രണ്ടാം മരണത്തിന്റെ അഥവാ സമ്പൂർണ്ണ നാശത്തിന്റെ ചിത്രമാണ്. നാം ഇവിടെ ചിത്രം എന്നു പറയുമ്പോൾ നിത്യജീവൻ ഉള്ള ഒരു പുഴുവും കെടാത്ത തീയും ആണെന്ന് സങ്കൽപ്പിക്കുവാൻ കഴിയുകയില്ലെന്ന് വെറുതെ വായിക്കുക മാത്രം ചെയ്യുന്നവർക്കു പോലും മനസ്സിലാകും.

മനുഷ്യരാശിയിൽ അറിവ് ലഭിക്കാത്തവർ, വർഷങ്ങളായി നാമധേയ സഭാ സംവിധാനങ്ങൾ പ്രദർശിപ്പിച്ചുപോന്ന വളരെ വ്യത്യസ്തമായ ഒരു ചിത്രം തങ്ങളുടെ മനസ്സിൽ ഉറപ്പിച്ചിട്ടുണ്ട്. തോമസ് അക്വിനാസ് ചിന്താധാരയിലെ ചില മതപണ്ഡിതർ ഈ ജീവികളുടെ പീഡനത്തെ ചിത്രീകരിക്കുകയും, അത്രയധികം തീ അവയുടെ ശരീരത്തിൽ ഒരുതരം ആസ്ബറ്റോസ് ആവരണം ഉണ്ടാക്കുകയും, എന്നാൽ അത് തീയുടെ അതിതീവ്രതയിൽ പൂർണ്ണമായി നശിച്ചു പോകാതെ അവയെ നിലനിർത്തുന്നുവെന്നും പറയുന്നു. എന്നാൽ വഞ്ചിതരായ ഈ മതശാസ്ത്രികൾ തന്നെ ഈ പുറംചട്ടകൾ ഒന്നൊന്നായി പൊട്ടി നിസ്സഹായരായ ഇരകളെ ആർദ്രരാക്കി പീഡനം കൂടുതൽ തീവ്രതയിലേക്ക് കടക്കാൻ ഇടയാക്കുന്നുവെന്നും വിശദീകരിക്കുന്നു.

അതെ, പണ്ടുകാലത്തെ ഈ വേദശാസ്ത്രികൾക്ക് ഈ പുഴുക്കളെ കൈകാര്യം ചെയ്യുന്നത് ബുദ്ധിമുട്ടായിരുന്നു. അതെ, പീഡനത്തിന് മേൽനോട്ടം വഹിക്കുന്ന പിശാചുക്കളെ മുഖ്യപീഡകനായ സർവ്വശക്തനായ ദൈവം വേദനയിൽ നിന്ന് പ്രതിരോധിക്കുന്നത് അവർക്ക് സങ്കൽപ്പിക്കുവാൻ കഴിഞ്ഞിരുന്നു. എന്നാൽ ഇത്ര ഭയങ്കര തീയിൽ പുഴു ചാകാതിരിക്കുന്നതും, പാവങ്ങളുടെ ഈ പീഡനം ഇങ്ങനെ വർദ്ധിക്കുമെന്നതും പലരിലും ആശയ വൈപരീത്യം സൃഷ്ടിച്ചു. ഈ പുഴുക്കൾ തീയിൽ ജീവിച്ച് ആനന്ദിക്കുന്നതും - പടലങ്ങളാൽ ആവരണം ചെയ്യപ്പെട്ടതും, അങ്ങനെ മനുഷ്യരാശിയുടെ പീഡനത്തിലേക്ക് ഇത് കൂട്ടിച്ചേർക്കപ്പെടുന്നവയുമാണെന്നും ഉള്ള സിദ്ധാന്തങ്ങൾ ഉരുത്തിരിയുന്നു.

തന്റെ ഭാഷയിൽ നിന്ന് ഇത്തരം നിഗമനങ്ങൾ ഉണ്ടാകണമെന്ന് നമ്മുടെ മഹാഗുരു ഉദ്ദേശിച്ചിട്ടുണ്ടാകുമോ? സഹതാപം കൊണ്ടോ എളിമ കൊണ്ടോ നാണക്കേടു കൊണ്ടോ ആണോ അവൻ ഇത്തരത്തിലുള്ള വിശദീകരണം കൊണ്ട് പരിമിതപ്പെടുത്തിയത്? ഇത് ദൈവവചനത്തിന്റെ പൊതുവായ ഉപദേശമാണോ, അതോ വലുതും ഭയങ്കരവുമായ തെറ്റ് സംഭവിച്ചിട്ടുണ്ടോ? സഹമനുഷ്യരുടെ ഹൃദയത്തിൽ ഭയം കൊണ്ടുവരണമെന്ന തീരുമാനത്തോടു കൂടി മനുഷ്യവർഗ്ഗത്തിൽ ചിലർ, അവരെക്കൊണ്ട് തങ്ങളുടെ വ്യാജ നേതാക്കളെ അനുസരിപ്പിക്കുവാൻ ഭാവനയുടെ അങ്ങേയറ്റം എത്തത്തക്കവിധം നിരവധി ആദർശ സൂത്രങ്ങൾ വളർത്തിയെടുക്കുകയും ചെയ്തു.

തങ്ങളുടെ ഗുരുവിന് ഭക്ഷണം വിലയ്ക്ക് തരുവാൻ വിസമ്മതിച്ച ഒരു ശമര്യാ പട്ടണത്തെ ആകാശത്തിൽ നിന്ന് തീയ് ഇറക്കി നശിപ്പിക്കുവാൻ ആഗ്രഹിച്ച തന്റെ ശിഷ്യന്മാരെ, യാക്കോബിനെയും യോഹന്നാനെയും, ശാസിച്ചുകൊണ്ട് യേശു പറഞ്ഞത്, "നിങ്ങൾ ഏത് ആത്മാവിന് ആത്മാവിന് അധീനർ എന്ന് നിങ്ങൾ അറിയുന്നില്ല; മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാൻ അല്ല രക്ഷിപ്പാൻ അത്രേ വന്നത് എന്ന് പറഞ്ഞു" (ലൂക്കൊ. 9:55,56). ആവേശഭരിതരായ ആ രണ്ട് ശിഷ്യന്മാരേക്കാൾ വലിയവനായ നമ്മുടെ സ്വർഗ്ഗീയ പിതാവിന് സ്നേഹത്തിന്റെയും നീതിയുടെയും ആത്മാവ് കുറവാണെന്ന് മനുഷ്യപുത്രന് നമ്മോടു പറയാമായിരുന്നില്ലേ? ശിഷ്യന്മാർ ശമര്യാക്കാരുടെ ജീവൻ നശിപ്പിക്കുവാൻ ആഗ്രഹിച്ചെങ്കിൽ, സ്വർഗ്ഗീയ പിതാവ് അതിനേക്കാൾ പൈശാചിക സ്വഭാവത്തോടും, അതിനേക്കാൾ ദശലക്ഷം മടങ്ങ് മോശമായിട്ടും മുഴു മനുഷ്യവർഗ്ഗത്തോടും പെരുമാറുമെന്നും അവർക്കെതിരായി ദൈവീക ശക്തി ഉപയോഗിക്കുമെന്നും നമ്മെ അറിയിക്കണം എന്ന് യേശു ഉദ്ദേശിച്ചിരുന്നോ? ഇവരെക്കുറിച്ച് തന്നെയല്ലേ താൻ തന്റെ വചനത്തിൽ 'അകൃത്യത്തിൽ ഉരുവായി' എന്നും 'പാപത്തിൽ ഗർഭം ധരിക്കപ്പെട്ടു' (സങ്കീ. 51:5) എന്നും

പറഞ്ഞിരിക്കുന്നത്? ഭൂമിയിലെ ജീവികളും ഇതുപോലെതന്നെ, തങ്ങളുടെ പരിസ്ഥിതിയും ചുറ്റുപാടുകളും പ്രതികൂലമായിരുന്നവരാണ്. കൂടാതെ, പ്രതിയോഗിയായ പിശാചിനെ പോലും ദൈവം നശിപ്പിക്കുകയോ ബന്ധിക്കുകയോ ചെയ്തിട്ടില്ല.




## ഷിയോൾ, ഹേഡിസ്, ടാർടറോ

ഉല്പത്തി മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളിൽ നരകം എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന ഏക എബ്രായ പദമാണ് ഷിയോൾ. കിംങ് ജയിംസ് വേർഷനിൽ അതിനെ ശവക്കുഴി എന്നും കുഴിയെന്നും നരകം എന്നും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അതിൽ ഏറ്റവും കൂടുതൽ തവണ ശവക്കുഴി, കുഴി എന്നിങ്ങനെയാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. എങ്കിലും ശവക്കുഴി എന്നതാണ് ശരിയായ പരിഭാഷ. പുതിയ നിയമത്തിൽ അതിന്റെ തത്തുല്യമായ ഗ്രീക്ക് പദമാണ് ഹേഡിസ്. ധാരാളം പ്രാവശ്യം ഈ പദവും ശവക്കുഴി എന്നും നരകം എന്നും പരിഭാഷപ്പെടുത്തിയിട്ടുണ്ടെങ്കിലും ശരിയായ പരിഭാഷ ശവകുഴി എന്നുള്ളത് മാത്രമാണ്. ഈ വാക്കുകളുടെ അടിസ്ഥാന അർത്ഥങ്ങൾ പരിഗണിച്ചാൽ അതിനു ജീവിതം, ക്ലേശങ്ങൾ, സന്തോഷം ഇവകളുമായിട്ട് ആശയപരമായി യാതൊരു ബന്ധവും ഉള്ളതായിട്ട് ലോകത്തിൽ ഒരു പഠിതാവിനും അവകാശപ്പെടാൻ കഴിയുകയില്ല. ഷിയോളിൽ പ്രവൃത്തിയോ, സൂത്രമോ, അറിവോ, ജ്ഞാനമോ ഒന്നുമില്ല" എന്ന് തിരുവെഴുത്തുകൾ വ്യക്തമായി പറയുന്നു (സഭാ. 9:10). അതിലേക്ക് മരണത്തോടുകൂടി നല്ലവരും കൊള്ളരുതാത്തവരും എല്ലാം പോകുന്നു. പുനരുത്ഥാനം വരെ അവർ അതിൽതന്നെ ആയിരിക്കുകയും ചെയ്യും.

പുതിയ നിയമത്തിൽ ടാർടറോ എന്ന പദം - ക്രിയാപദം - ഒരിക്കൽ മാത്രമേ വരുന്നുള്ളു. അത് "നരകത്തിലേക്ക് തള്ളിയിടുക എന്ന് തെറ്റായി വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. പകരം ആ പദം "തടവിലാക്കപ്പെട്ടു" എന്ന് പരിഭാഷപ്പെടുത്തണമായിരുന്നു. അതായത്, വീഴ്ചഭവിച്ച ദൂതന്മാർ നമ്മുടെ ഭൂമിയുടെ അന്തരീക്ഷത്തിൽ തടവിലാക്കപ്പെട്ടു (2 പത്രൊ. 2:4; യൂദാ. 6; എഫെ. 2:2; 6:12). ആ പദം ഒരുതരത്തിലും മനുഷ്യനെ പരാമർശിക്കുന്നതിനുള്ളതല്ല, വീഴ്ച ഭവിച്ച ദൂതന്മാരെ പരാമർശിച്ചിരിക്കുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു ശിക്ഷയായി "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധത മനസ്സിന്റെ ചങ്ങലയിട്ട് [ടാർടാറോ ചെയ്ത് – തടങ്കലിലാക്കി]" "ന്യായവിധിക്കായി കാപ്പാൻ ഏൽപ്പിക്കുകയും" ചെയ്തു.

## ഗീഹെന്ന

ഷിയോൾ, ഹേഡിസ്, ടാർടാറോ എന്ന പദങ്ങളിൽ വെളിച്ചം വീശിക്കൊണ്ട് ഇനി നാം കാണാൻ പോകുന്നത് നരകം എന്ന് കിങ് ജെയിംസ് വേർഷനിൽ പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗീഹെന്ന എന്ന പദമാണ്. ഗ്രീക്ക് പദമായ ഗീഹെന്ന 12 തവണയാണ് കടന്നുവരുന്നത്. അവ ഇവയാണ്: മത്താ. 5:22, 29,30; 10:28; 18:9; 23:15,33; മർക്കൊ. 9:44,45,47; ലൂക്കൊ. 12:5; യാക്കൊ. 3:6. ഇതിൽ ഒന്ന് നാം മുകളിൽ പറഞ്ഞ വചനവുമായി ബന്ധമുള്ളതാണ്. ഗീഹെന്ന എന്ന പദം എന്തിനെ സൂചിപ്പിക്കുന്നു എന്നാണ് ഇനിയുള്ള ചോദ്യം? അത് ശുദ്ധീകരണ സ്ഥലത്തിനുള്ള (ബസ്പുർക്കാന) മറ്റൊരു പേരാണോ? അതോ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ പറയുന്നതുപോലെയുള്ള ആദ്യത്തേതിലും മോശമായ നിത്യ ദണ്ഡന സ്ഥലത്തിന്റെ പേരാണോ? അല്ലെന്ന് ഞങ്ങൾ ഉത്തരം പറയുന്നു. രണ്ടാം മരണത്തെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന ഒരു അലങ്കാരപ്രയോഗമാണ് ഇത്. ആ മരണത്തിൽ നിന്ന് ഒരു പുനർജ്ജനനം ഉണ്ടാകുകയില്ല. വി. പൗലൊസ് പരാമർശിച്ചിരിക്കുന്ന എന്നെന്നേക്കുമുള്ള ഛേദനമാണത്. അതിന് വിധേയരാകുന്നവർ ബുദ്ധിയില്ലാത്ത ജന്തുക്കളെപ്പോലെ നശിച്ചുപോകുന്നു എന്നു വി. പത്രൊസ് പറഞ്ഞിരിക്കുന്നു (2 തെസ്സ. 1:10; 2 പത്രൊ. 2:12). ഇതിനെക്കുറിച്ച് വ്യക്തമായി വെളി. 20:14 ൽ "തീപ്പൊയ്ക" എന്നു പറഞ്ഞിരിക്കുന്നു. "ഇത് രണ്ടാം മരണം".

## തോഫെത്ത്

യിരെമ്യാ. 19:12-15 ൽ ഇങ്ങനെ പറയുന്നു: "ഇങ്ങനെ ഞാൻ ഈ സ്ഥലത്തോടും അതിലെ നിവാസികളോടും ചെയ്യും; ഞാൻ ഈ നഗരത്തെ തോഫെത്തിനു സമമാക്കും, എന്ന് യഹോവയുടെ അരുളപ്പാട്. മലിനമായിരിക്കുന്ന യെരുശലേം വീടുകളും യഹൂദാ രാജാക്കന്മാരുടെ അരമനകളും, അവർ മേൽപ്പുരകളിൽ വച്ച് ആകാശത്തിലെ സർവ്വ സൈന്യത്തിനും ധൂപം കാണിക്കുകയും അന്യദേവന്മാർക്ക് പാനീയബലി പകരുകയും ചെയ്ത എല്ലാ വീടുകളും തന്നെ തോഫെത്ത് എന്ന സ്ഥലം പോലെ ആകും. അനന്തരം യിരെമ്യാവ് യഹോവ തന്നെ പ്രവചിപ്പാൻ അയച്ചിരുന്ന തോഫെത്തിൽ നിന്നു വന്നു, യഹോവയുടെ ആലത്തിൻ പ്രകാരത്തിൽ നിന്നുകൊണ്ട് സകല ജനത്തോടും: യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: അവർ എന്റെ വചനങ്ങളെ കേൾക്കാതെ ശാഠ്യം പിടിച്ചിരിക്കകൊണ്ട് ഞാൻ ഈ നഗരത്തിന് വിധിച്ചിരിക്കുന്ന അനർത്ഥമൊക്കെയും അതിനും അതിനടുത്ത പട്ടണങ്ങൾക്കും വരുത്തും എന്നു പറഞ്ഞു".

ഹിന്നോമിന്റെ താഴ്വരയെക്കുറിച്ച് നമുക്ക് കൂടുതലായി പരാമർശിക്കേണ്ടിയിരിക്കുന്നു. ഗീഹെന്ന എന്ന ഗ്രീക്ക് പദം, ഗീഹിന്നോം എന്ന എബ്രായ പദത്തിന്റെ പര്യായമാണ്. അതിന് "ഹിന്നോമിന്റെ താഴ്വര" എന്നാണ് അർത്ഥം. ഈ താഴ്വരയെ ബൈബിൾ ആവർത്തിച്ച് പരാമർശിച്ചിരിക്കുന്നു. ഹിന്നോം എന്നു പേരുള്ള ഒരു കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു അത്. യോശുവ 15:8 ൽ ആണ് അതിന്റെ ആദ്യ പരാമർശനം കാണുന്നത്. യെരുശലേം നഗരത്തിന്റെ ഏത് ബൈബിൾ ഭൂപടത്തിൽ നോക്കിയാലും നഗരമതിലിന്റെ തെക്കും തെക്കു പടിഞ്ഞാറുമായി ഈ താഴ്വര കാണാം.

ദുഃഖകരമായി പറയട്ടെ, യിസ്രായേല്യർ വിഗ്രഹാരാധനയിൽ ഏർപ്പെട്ടിരുന്ന ഒരു കാലത്ത് ഈ ഹിന്നോമിന്റെ താഴ്വരയെ ഒരു വിശുദ്ധ സ്ഥലമായി ഉപയോഗിച്ചിരുന്നു. അവിടെ ജാതീയ ദേവനായ മോലെക്കിന്റെ ഒരു പൊള്ളയായ പിച്ചള പ്രതിമ സ്ഥാപിച്ചിരുന്നു. പ്രതിമയുടെ ഭാഗമായി ഒരു കസേര ഉണ്ടായിരുന്നു. അതിന്റെ പിന്നിൽ നിന്നും കത്തിക്കുന്ന ചൂളയുണ്ടായിരുന്നു. ആ പ്രതിമയുടെ തല ധൂമനാളിയുടെ തലപ്പാവായിരുന്നു. എന്തോ സ്വീകരിക്കാൻ എന്നപോലെ തീയിൽ ചുട്ടുപഴുപ്പിച്ച കൈകൾ നീട്ടി അത് നിന്നിരുന്നു. വഞ്ചിതരായ യിസ്രായേല്യർ അതിൽ തങ്ങളുടെ കുട്ടികളെ ബലിയായി അർപ്പിച്ചുപോന്നു. പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ കരച്ചിൽ അടക്കി നിർത്തിക്കൊണ്ട് കാഹളങ്ങൾ മുഴക്കുകയും ചെണ്ടകൾ അടിക്കുകയും ആളുകൾ ആർപ്പിടുകയും ചെയ്തു. നല്ലവനായ യോശിയാവ് രാജാവായി അധികാരത്തിൽ വന്നപ്പോൾ വിഗ്രഹാരാധന എല്ലാം നിർത്തലാക്കുകയും ദേവാലയങ്ങളിൽ ശരിയായ ദൈവാരാധന പുനരാരംഭിക്കുകയും ചെയ്തു (2 രാജാ. 23:10).

പിന്നീട് ഒരിക്കലും ജനം ഇത്തരം ക്രൂരമായ ആചാരങ്ങൾ നടത്താതിരിക്കാൻ ഹിന്നോം താഴ്വരയെ അശുദ്ധമായി പ്രഖ്യാപിച്ചു. അത് മ്ലേച്ഛതകളുടെ താഴ്വരയായി മാറി. യെരുശലേമിലെ മാലിന്യം തള്ളുവാനുള്ള ഇടമായി അതിനെ ഉപയോഗിച്ചു. ചത്ത മൃഗങ്ങളെ അവിടെ എറിഞ്ഞു. ശവസംസ്കാരം നൽകുന്നതിനു പകരം ചില നികൃഷ്ട കുറ്റവാളികളെ വധശിക്ഷയ്ക്കു ശേഷം, മനഃപൂർവ്വ അനുസരണക്കേടുകൾക്ക് ഇനി ഒരു ജീവിതം ഉണ്ടാകുകയില്ല എന്ന് ചിത്രീകരിച്ചുകൊണ്ട് അവിടെ എറിഞ്ഞു. അവിടെ അവർ മാലിന്യമായിത്തീരുന്നു.

ഇപ്പോൾ ഹിന്നോമിന്റെ താഴ്വര നിറഞ്ഞ് ഒരു കാട് വളരുന്നു. എന്നാൽ യഥാർത്ഥത്തിൽ അത് വളരെ ആഴമുള്ളതായിരുന്നു. കൃമികൾ തിന്ന് നശിച്ചു പോകുവാൻ വേണ്ടി മൃഗങ്ങളുടെ ശവങ്ങൾ അവിടേക്ക് എറിഞ്ഞിരുന്നു. അവയുടെ പൂർണ്ണ നാശത്തിനു മുൻപേ പുഴുക്കളെ ആരും നശിപ്പിച്ചില്ല. താഴ്വരയുടെ അടിത്തട്ടിൽ എറിയപ്പെട്ട ദഹനീയ പദാർത്ഥങ്ങളെ കത്തിക്കുന്നതിനായി തീ ഉപയോഗിക്കുകയും രോഗങ്ങളെ അകറ്റി നിർത്തുവാൻ അതിൽ ഗന്ധകം ചേർക്കുകയും ചെയ്തിരുന്നു. ആരും ആ തീ അണയ്ക്കുന്നതിനെപ്പറ്റി ചിന്തിച്ചിരുന്നില്ല. തീ അവിടെ അനിവാര്യമായിരുന്നു. ഇതായിരുന്നു നമ്മുടെ കർത്താവിന്റെ നാളിലെ ഗീഹെന്നായുടെ ചിത്രം.

## ശരിയായ അർത്ഥത്തിൽ ഗീഹെന്നായുടെ പ്രാധാന്യം

യേശു ഗീഹെന്നായെ ഉപയോഗിച്ചത് സകല പൂർണ്ണ മനഃപൂർവ്വ പാപികൾക്കുമുള്ള രണ്ടാം മരണമാകുന്ന ഓഹരിയെ സൂചിതാർത്ഥമായി ചിത്രപ്പെടുത്തി കാണിക്കുന്നതിനായിരുന്നു. വെളിപ്പാട് പുസ്തകത്തിലും സൂചിതാർത്ഥത്തിൽ മറ്റു ചിത്രങ്ങളുമായി ബന്ധപ്പെടുത്തി

ഗീഹെന്നായെ നമ്മുടെ കർത്താവ് പ്രതീകാത്മകമായി ഉപയോഗിച്ചിരിക്കുന്നു. അവിടെയും രണ്ടാം മരണത്തെ വിശദമാക്കുന്നതിനാണ് ഈ ചിത്രം ഉപയോഗിച്ചിരിക്കുന്നത് (വെളി. 20:14,15; 21:8).

ഈ താഴ്വരയിലെ പുഴുക്കൾ മറ്റേതൊരു പുഴുക്കളെയും വിരകളെയും പോലെ അല്ലാതെ, മരണമില്ലാത്ത വയല്ല. അവയ്ക്കും മരണമുണ്ട്. അവിടെ ആളിക്കത്തിയ തീ ഇപ്പോൾ കത്തിക്കൊണ്ടിരിക്കുകയല്ല, "ചാകാത്ത പുഴുവും കെടാത്ത തീയും" എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് അതിനു വിധേയരാകുന്ന ഗണത്തിന്റെ നാശം പൂർണ്ണമാണെന്നും ആ പരിപൂർണ്ണ നാശത്തിൽ നിന്നും ഉന്മൂലനത്തിൽ നിന്നും അവരെ രക്ഷിക്കുവാൻ യാതൊന്നിനും സാധ്യമല്ലെന്നുമാണ്. തിരുവെഴുത്തുകൾ പറയുന്നതുപോലെ ആദാമ്യ മരണവും ഇല്ലായ്മ ചെയ്യപ്പെടും. ആദാമ്യ മരണത്തെ ഇല്ലായ്മ ചെയ്യുവാനും, തന്റെ പ്രീതിക്കു പാത്രമാകുന്ന ആദാമിന്റെ മുഴുവൻ വർഗ്ഗത്തെയും ഉയർത്തുവാനും, ആദാമിനാൽ നഷ്ടപ്പെട്ടതും കാൽവരിയിൽ വീണ്ടെടുക്കപ്പെട്ടതുമായ എല്ലാറ്റിനെയും തിരികെ നൽകുവാനുമുള്ള അധികാരം ലഭിക്കുന്നതിനു വേണ്ടിയാണ് ക്രിസ്തു മരിച്ചത്. പൂർണ്ണ പ്രകാശം ലഭിച്ച ശേഷം, പാപത്തോടും ദൈവേഷ്ടത്തെ നിരാകരിക്കുന്ന ഏതിനോടും സ്നേഹമോ സഹതാപമോ ഉള്ള എന്തിനേയും രണ്ടാം മരണം പൂർണ്ണമായും നിശേഷമായും എന്നേക്കുമായും നശിപ്പിക്കും; അതുകൊണ്ട് ദൈവത്തിനും നീതിയെ സ്നേഹിക്കുന്നവർക്കും രണ്ടാം മരണം ഒരു മിത്രമാണ്.

ഭൗമിക യെരുശലേം മീതെയുള്ള യെരുശലേമിന്റെ ഒരു ചിത്രമായിരുന്നതു പോലെയാകുന്നു, സ്വർഗ്ഗീയ യെരുശലേം സർവ്വഭൂമിയിലും സ്ഥാപിക്കപ്പെടുവാൻ പോകുന്ന ദൈവരാജ്യത്തിനും ആകുന്നത്. അതുപോലെയാണ് ഗീഹെന്നായും അതിലെ "തീയും" "പുഴുക്കളും" ഓരോ മനഃപൂർവ്വ പാപിയുടെയും മേൽ വരുവാനിരിക്കുന്ന രണ്ടാം മരണമാകുന്ന നാശത്തെ മുൻ കുറിച്ചത്. ക്രിസ്തുവിന്റെ മദ്ധ്യസ്ഥ ഭരണകാലത്തും അതിനുശേഷം പൂർണ്ണമായി നീതി സ്ഥാപിക്കപ്പെട്ട ഭൂമിയിലെ രാജ്യം ചെമ്മരിയാടു വർഗ്ഗമാകുന്ന മനുഷ്യവർഗ്ഗത്തിന് കൈമാറുന്നതിനു മുൻപുള്ള അല്പകാലത്തിലുമായിരിക്കും ഓരോ മനഃപൂർവ്വ പാപികളുടെയും മേൽ ഈ രണ്ടാം മരണമാകുന്ന നിത്യനാശം വരുന്നത്.

**ഗീഹെന്ന എന്ന ഗ്രീക്ക് വാക്ക്, രണ്ടാം മരണത്തെ ചിത്രീകരിക്കുന്ന ഒരു ആലങ്കാരിക പദപ്രയോഗം ആണ് - ഒരു പുനരുത്ഥാനമില്ലാത്ത മരണം. "മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" വെളി. 20:14,15**

പുതിയ യെരുശലേം അക്ഷരാർത്ഥത്തിലുള്ള സ്വർണ്ണത്തെരുവുകളും മുത്തുകൊണ്ടുള്ള കവാടങ്ങളും രത്നങ്ങളാലുള്ള മതിലുകളുമുള്ള ഒരു അക്ഷരാർത്ഥ നഗരമല്ലാത്തതുപോലെ ഹിന്നോമിന്റെ താഴ്വരയും നഗരത്തിനു പുറത്തുള്ള തീപ്പൊയ്കയും അക്ഷരാർത്ഥത്തിലുള്ളതല്ല, രണ്ടും സൂചിതാർത്ഥത്തിലുള്ളതാണ്. എന്നാൽ ദൈവത്തോടുള്ള ഐക്യതയെയും ദൈവീക അനുഗ്രഹത്തെയും നിത്യജീവനെയും അക്ഷരാർത്ഥത്തിൽ തന്നെ അർത്ഥമാക്കുന്ന ഒരു പുതിയ യെരുശലേം അവിടെ ഉണ്ടായിരിക്കും. ഹിന്നോമിന്റെ താഴ്വരയും തീപ്പൊയ്കയും യഥാർത്ഥത്തിൽ തന്നെ അർത്ഥമാകുന്നത് ദൈവത്തിൽ നിന്നുള്ള വേർപെടലിനെ, എന്നേക്കുമായുള്ള നാശത്തെ, ഇല്ലായ്മയെ, രണ്ടാം മരണത്തെയാണ്. ഒരിക്കലും പരിരക്ഷയുടെ ചിഹ്നമായി ഉപയോഗിച്ചിട്ടില്ല - മറിച്ച് അതിനു നേരെ വിപരീതമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. തീ എപ്പോഴും നാശത്തിന്റെ ചിഹ്നമാണ്. ഗന്ധകം ചേർക്കുമ്പോൾ തീയുടെ ദഹനശക്തി വർദ്ധിക്കുന്നു. പുരാതന ലോകത്തിൽ ഗന്ധകം നാശത്തിന്റെ സ്വാധീനശക്തിയുള്ള ഒന്നായി അറിയപ്പെട്ടിരുന്നു. ഗന്ധകം മനുഷ്യവർഗ്ഗത്തിനും വലിയ മൃഗങ്ങൾക്കും മാത്രമല്ല പ്രാണികൾക്കും കൃമികൾക്കും ജീവനുള്ള എല്ലാറ്റിനും തന്നെ മരണം വരുത്തുന്നതാണ്.

ഹിന്നോമിന്റെ (ഗീഹെന്ന) താഴ്വര നാശത്തെ ചിത്രപ്പെടുത്തുന്നതു പോലെയാണ് മനഃപൂർവ്വ അനുസരണക്കേടുകാരുടെ നാശത്തിന്റെ അതേ പാഠം യെശ. 66:24-ൽ പ്രവാചകൻ അലങ്കാരികമായി ചിത്രീകരിച്ചിരിക്കുന്നത്. "അവർ പുറപ്പെട്ടു ചെന്ന് എന്നോട് അതിക്രമം ചെയ്ത മനുഷ്യരുടെ ശവങ്ങളെ നോക്കും; അവരുടെ പുഴു ചാകയില്ല; അവരുടെ തീ കെട്ടു പോകയില്ല; അവർ സകല ജഡത്തിനും അറപ്പായിരിക്കും." യെശ

യ്യാവിന്റെ കാലത്ത് ഹിന്നോമിന്റെ താഴ്വര പരിചിതമായ ഒരു അക്ഷരീക കാഴ്ചയായിരുന്നു. പ്രവാചകനിലൂടെ സംസാരിച്ച പരിശുദ്ധാത്മാവ് അക്ഷരാർത്ഥത്തിൽ തന്നെ അതിന്റെ സൂചിതാർത്ഥം ചൂണ്ടിക്കാണിച്ച് പുതിയ ആകാശങ്ങളെയും പുതിയ ഭൂമിയെയും കുറിച്ച് പറഞ്ഞിരിക്കുന്നു – മശിഹായുടെ വാഴ്ചയോടുകൂടി മനുഷ്യവർഗ്ഗത്തിന്റെ മതപരവും സാമൂഹികവുമായ എല്ലാ ക്രമീകരണങ്ങളും വിജയകരമായി പൂർത്തീകരിക്കപ്പെടും - അതിൽ നിന്ന് പിന്നെ ദുഷ്പ്രവർത്തിക്കാർ രക്ഷപ്പെടുകയില്ല; അങ്ങനെയുള്ളവർ പൂർണ്ണമായും നിശ്ശേഷമായും എന്നേക്കുമായി നശിപ്പിക്കപ്പെടും. ജീവനുള്ളതായി കാണപ്പെടുന്ന യാതൊന്നും ദണ്ഡനം അനുഭവിക്കുന്നെന്ന് ആരും പറയുകയില്ല; അത് ദൈവികചിന്ത ആയിരിക്കുകയില്ല. ജീർണ്ണമായ മൃതശരീരം മരിച്ചതാണ്. ദൈവം അതിനെ നശിപ്പിക്കുകയല്ലാതെ അതിന്മേൽ ഒരിക്കലും ദണ്ഡനം അനുവദിക്കുകയില്ല (യിരെ. 19:5; 32:35).

ദൈവത്തിന്റെ മഹത്തായ പദ്ധതിയിൽ തന്റെ അസംഖ്യം സൃഷ്ടികൾക്കായിട്ട് വലിയ പീഡന അറകൾ ക്രമീകരിച്ചിട്ടില്ലെന്ന് കേൾക്കാൻ ഇടയാകുന്നതുകൊണ്ട് നാം സന്തോഷിക്കുന്നു. എന്നാൽ തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നതുപോലെ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലുമുള്ള സകല സൃഷ്ടികളും സിംഹാസനത്തിലിരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്ന് പറയുന്നത് നാം കേൾക്കും (വെളി. 5:13).

ബൈബിളോ യുക്തിയോ നിത്യദണ്ഡനം പാപത്തിന്റെ ശിക്ഷയാണെന്ന സിദ്ധാന്തത്തോട് ഒട്ടുംതന്നെ യോജിക്കുന്നില്ലെന്ന് വ്യക്തമാക്കുന്നുണ്ടെന്നും, എന്നാൽ വിവിധ സഭാവിശ്വാസങ്ങളും കുമ്പസാരങ്ങളും സ്തുതിഗീത പുസ്തകങ്ങളും ദൈവശാസ്ത്ര സിദ്ധാന്ത ഗ്രന്ഥങ്ങളും ആണ് അതിന്റെ ഏക പിന്തുണയെന്ന വസ്തുത നാം ശ്രദ്ധിക്കണം. നമ്മുടെ നാളിലെ വർദ്ധിച്ചുവരുന്ന വെളിച്ചത്തിൻ കീഴിൽ അന്ധകാര യുഗത്തിന്റെ ഈ ഭയാനകവും ക്രൂരവുമായ സിദ്ധാന്തങ്ങളിലുള്ള വിശ്വാസം അതിവേഗത്തിൽ നശിച്ചുകൊണ്ടിരിക്കുന്നു. ഹാ കഷ്ടം, എന്നാൽ എന്തു പറയേണ്ടു! ക്രിസ്ത്യൻ ജനസമൂഹം പൊതുവെ ദൈവവചനത്തിലെ സത്യത്തോടും ദൈവീക സ്വഭാവത്തോടും എരിവുള്ളവരല്ലെങ്കിലും, അവർ സത്യവചനത്തെ ശരിയായി വിഭാഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരായി ദൈവത്തിനു കൊള്ളാവുന്നവരായി തങ്ങളെത്തന്നെ കാണിപ്പാൻ പഠിച്ചുകൊണ്ട് (2 തിമൊ. 2:15), ഭയാനകവും ക്രൂരവുമായ തങ്ങളുടെ മതപരമായ വിഗ്രഹാരാധനയെ നശിപ്പിച്ചു കളയുന്നതിന് മനസ്സുള്ളവരാകുന്നു.

ശരിയായി വിഭാഗിച്ച ദൈവവചനം: "ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും എന്നറിയുന്നു; മരിച്ചവരോ ഒന്നും അറിയുന്നില്ല" (സഭാ. 9:5) എന്നും നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും നരകത്തിന്റെ (ശവക്കുഴി) അവസ്ഥയിൽ നിന്നും ഉണരും (ദാനി. 12:2) എന്നും അറിയുന്നു. യോഹ. 5:28-29 വരെ പറയുന്ന പ്രകാരം ദൈവത്തിന്റെ തക്കകാലത്ത് യഹോവയുടെ വാഗ്ദത്തം ഈ വേല നിവർത്തിക്കും, "ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവനായുള്ള പുനരുത്ഥാനവും, തിന്മ ചെയ്തവർ ന്യായവിധിക്കായുള്ള പുനരുത്ഥാനവും ചെയ്യുവാനുള്ള നാഴിക വരുന്നു" (ASV). മരണനിദ്രയിൽ ഉള്ള എല്ലാവരും മരണാവസ്ഥയിൽ നിന്ന് ഉണർത്തപ്പെടുകയും മശിഹാ ഭൂമിയിൽ വാഴുമ്പോൾ നീതി പരിചയിക്കുകയും ചെയ്യും. അതുകൊണ്ട് അവർ മരണാവസ്ഥയിൽ, അബോധാവസ്ഥയിലാണ്, ദണ്ഡനത്തിൽ പീഡിപ്പിക്കപ്പെടുകയല്ല. നല്ലവർ ജീവനിലേക്ക് തിരികെ വിളിക്കപ്പെടുന്നു (അതുകൊണ്ട് പുനരുത്ഥാനം വരെ അവർ ജീവിക്കുന്നില്ലെന്ന് വ്യക്തം). ദുഷ്ടന്മാരുടെ ഉണർച്ച നിത്യനിന്ദയ്ക്കും ലജ്ജയ്ക്കുമായി ആയിരിക്കും. ക്രമീകരണങ്ങൾ പഠിക്കുന്നതിനുള്ള സമയപരിധിക്ക് ശേഷം ചിലർ ശാശ്വത ജീവനിലേക്ക് പ്രവേശിക്കും. ചിലർ നിത്യനിന്ദയ്ക്കും നിത്യലജ്ജക്കുമായിട്ട്, അതായത് രണ്ടാംമരണത്തിലേക്ക് (ഗീഹെന്ന, എന്നെന്നേക്കുമുള്ള മരണം) ഉള്ള ന്യായവിധി പ്രാപിക്കും (വെളി. 20:14,15; 21:8). ഓബ. 16 ൽ പറയുന്ന ദൈവവചനം എന്തെന്നു നോക്കാം, "അവർ ജനിക്കാത്തവരെ പോലെ ആകും".

യഹോവ വെളിപ്പാട് പുസ്തകത്തിൽ നമ്മുടെ പഠനത്തിന്റെ മുഴുസാരാംശത്തെയും ചുരുക്കി വിവരിക്കുന്നത് ഇപ്രകാരമാണ്: "മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമ

ത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളി. 20:14,15). പിന്നെ നാം തന്റെ സമർപ്പിത മക്കൾക്കുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ നിറവേറ്റത്തിന്റെ ഈ വാഗ്ദത്തത്തെക്കുറിച്ച് ഇങ്ങനെ വായിക്കുന്നു: "സിംഹാസനത്തിൽ നിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നും കണ്ണുനീരെല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേത് കഴിഞ്ഞു പോയി" (വെളി. 21:3,4).

"ദൈവത്തിന്റെ സമാഗമന കൂടാരം" ആണ് ഏക സത്യസഭ. കാര്യങ്ങളുടെ സ്ഥിരമോ ശാശ്വതമോ ആയ അവസ്ഥ അല്ലാതിരിക്കേണ്ടതിനാലാണ് സമാഗമന കൂടാരം എന്ന് വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ യുഗങ്ങളുടെ പദ്ധതികൾ അതിന്റെ വേല പൂർത്തീകരിച്ചുകൊണ്ട് മുൻപോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. യിസ്രായേൽ തങ്ങളുടെ മതപരമായ ശുശ്രൂഷയിൽ അക്ഷരീക സമാഗമന കൂടാരത്തെ സമീപിച്ചതുപോലെ മനുഷ്യരാശിയും ദൈവത്തെ സമീപിക്കും. സഹസ്രാബ്ദ രാജ്യം ദൈവത്തിന്റെ പ്രിയ പുത്രന്റേത് ആയിരിക്കുമ്പോൾ തന്നെ, "സകലതിലും ദൈവം തന്നെ" എന്ന അർത്ഥത്തിൽ ആ രാജ്യം ദൈവത്തിന്റെ രാജ്യവും കൂടെ ആയിരിക്കും, എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ പ്രിയപുത്രനും ഏക സത്യസഭയും പിതാവിനോടുള്ള ഐക്യതയിൽ ആയിരിക്കും. യൂദാ. 21 ൽ പറയുന്നത്: "നിത്യജീവനായിട്ടും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നും കൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ". ഇവിടെ "നിങ്ങളെത്തന്നെ" എന്ന പദം ചെറിയ ആട്ടിൻകൂട്ടത്തെ ഉദ്ദേശിച്ചാണ് എഴുതിയിരിക്കുന്നത്, തത്വത്തിൽ ഇപ്പോൾ ഇത് ശുദ്ധിയുള്ള യുവവീരന്മാർക്കും എപ്പിഫനി പാളയ സമർപ്പിതർക്കും ആണ് ബാധകമാകുന്നത്. അവർ അങ്ങനെയുള്ളവരായതിനാൽ അവരുടെ ഇപ്പോഴത്തെ വിളിയും ഭാവി പ്രത്യാശകളും പ്രതീക്ഷകളും ഓർത്ത് ദൈവത്തിന്റെ സ്നേഹം നേടുന്നതിനും അതിനെ നിലനിർത്തുന്നതിനും ശ്രമിക്കണം. ദൈവം നമുക്ക് 2 തിമൊ. 1:7 നെ കുറിച്ച് വ്യക്തമായ അറിവ് നൽകിയിട്ടുണ്ട്. "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ അത്രേ ദൈവം നമുക്ക് തന്നത്." ഇവിടെ "നമുക്ക്" എന്ന് ഇടുങ്ങിയ അർത്ഥത്തിൽ പറഞ്ഞിരിക്കുന്നത് ആത്മോൽപാദിതരെക്കുറിച്ചാണെങ്കിലും അത് ഇപ്പോൾ ശുദ്ധിയുള്ള യുവവീരന്മാർക്കും എപ്പിഫനി പാളയ സമർപ്പിതർക്കും കൂടെ ബാധകമാണ് (PT 1985 p. 25).

മേഘസ്തംഭവും അഗ്നിസ്തംഭവും സമാഗമന കൂടാരത്തിനു നേരെ മുകളിൽ മാത്രമാണ് നിലയുറപ്പിച്ചിരുന്നത്. അത് പാളയത്തിനു മുകളിലോ പ്രാകാരത്തിനു മുകളിലോ അല്ല നിലയുറപ്പിച്ചിരുന്നത്. പൊതുവെ ചിത്രീകരിച്ചിരിക്കുന്നതുപോലെ തന്നെ അത് കൃത്യമായും സമാഗമനകൂടാരത്തിനു മുകളിലായി "മാത്രം" നിലയുറപ്പിച്ചു. മഹത്വത്തിലിരിക്കുന്ന ക്രിസ്തുവിനു മാത്രം ഇപ്പോൾ ദൈവം യുക്തമായി പ്രകാശവും അനുഗ്രഹങ്ങളും നൽകുന്നത്, അത് "യഥാർത്ഥ മാനസാന്തരവും വിശ്വാസവും" ഉള്ളവരായി പൊരുളിലെ പ്രകാരത്തിൽ ഉള്ളവർക്കും പാളയത്തിലുള്ള പരീക്ഷാർത്ഥ നീതീകരണക്കാരായ സമർപ്പിതർക്കും കൂടെ പകർന്നു നൽകുന്നതിനാണ്. അതുകൊണ്ട് പുരാതന വീരന്മാർ തങ്ങളുടെ കാലത്ത് ആയിരുന്നതുപോലെ, എപ്പിഫനി പ്രാകാരത്തിലും എപ്പിഫനി പാളയത്തിലും ഉള്ള സമർപ്പിതരായിരിക്കും, ജനങ്ങളെ അനുഗ്രഹിക്കുന്നതിനും അവരോട് ഇടപെടുന്നതിനുമുള്ള ദൈവത്തിന്റെ സംഗമസ്ഥാനം. എത്ര അപൂർവ്വതയുള്ള വിശേഷാവകാശവും പദവിയുമാണ് "യുഗങ്ങൾക്കിടയിലുള്ള സമർപ്പിതർക്ക്" ദൈവം നൽകിയിരിക്കുന്നത്! "ലോകം അത്തരം ഒരു അവകാശവാദത്തെ അപകീർത്തിപ്പെടുത്തുകയോ നിന്ദിക്കുകയോ ചെയ്യുകയാണെങ്കിൽ അവർ അങ്ങനെ ചെയ്യട്ടെ; എന്നാൽ ക്രിസ്തു ദൈവീക സത്യത്തിന്റെയും ആത്മാവിന്റെയും സ്വീകർത്താവും കലവറയും ആയിരിക്കുമ്പോൾ അതൊക്കെ എത്ര അപ്രസക്തമായിരിക്കും. [അതുകൊണ്ട് ആത്മീയമായി തിരഞ്ഞെടുക്കപ്പെട്ട തിരഞ്ഞെടുപ്പുകാരെല്ലാവരും, 'യുഗങ്ങൾക്കിടയിലുള്ള സമർപ്പിതരായ' യുവവീരന്മാരും എപ്പിഫനി പാളയ സമർപ്പിതരും ഈ മാഹാത്മ്യമേറിയ വിശേഷാവകാശത്തിന്റെ സ്വീകർത്താക്കളും ഓഹരിക്കാരുമായിരിക്കും]" (PT 1984 p. 46).




വെളി. 21:4,5 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഞ്ച് കാര്യങ്ങളിൽ ചിന്തയിൽ വരുന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള ചില ആശയങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഞങ്ങൾ ഈ പാഠം ഉപസംഹരിക്കുന്നു: "ദൈവം അവരുടെ കണ്ണിൽ നിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി".

1. "കണ്ണുനീർ എല്ലാം" ഓ, ഇനി മനുഷ്യരാശിയുടെ കവിൾത്തടങ്ങളിലൂടെ വേദനയുടെയും നിരാശയുടെയും കണ്ണുനീർ ഒഴുകുകയില്ല, അതിനു വിപരീതമായി യഥാസ്ഥാപന വേലകൾ മരണത്തിന്റെ ശാപത്തെ തുടച്ചുമാറ്റുമ്പോൾ സന്തോഷത്തിന്റെ കണ്ണീർ കണങ്ങൾ പ്രവഹിക്കും.

2. "മരണം ഉണ്ടാകയില്ല". യോഹന്നാൻ 5:28,29 ലെ വാഗ്ദത്തത്തിൽ പ്രകാരം: ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉറങ്ങുന്നവർ എല്ലാവരും എഴുന്നേറ്റ് വിശുദ്ധിയിൻ പെരുവഴിയിൽ കൂടി നടന്നു തുടങ്ങും.

3. "ദുഃഖവും ഉണ്ടാകയില്ല". മനുഷ്യവർഗ്ഗം വിശുദ്ധിയിൻ പെരുവഴിയിലൂടെ നടക്കുമ്പോൾ പിന്നെ ഒരിക്കലും അവരുടെ മനസ്സിൽ പാപത്തിന്റെ കറയോ യാതൊരു കയ്പ്പുള്ള ചിന്തയോ ദയയില്ലാത്ത വാക്കുകളോ ഉണ്ടാകുകയില്ല. അവർ തങ്ങളുടെ സമർപ്പണത്തിൽ വിശ്വസ്തരായിരുന്നാൽ ജീവിതത്തിൽ നിത്യാനന്ദം ഉണ്ടാകും.

4. "മുറവിളിയും ഉണ്ടാകയില്ല". ആദാമ്യ ശാപത്തിന്റെ ഫലമായ ദുഃഖത്തിന്റെ കണ്ണീർ ഇനി സന്തോഷത്തിന്റെ കണ്ണുനീരായി മാറും. ഒരു നിമിഷത്തേക്കെങ്കിലും ഒരു മനുഷ്യന്റെ ധൈര്യം ക്ഷയിച്ചാൽ ദൈവത്തിന്റെ ദയയും പ്രീതിവാത്സല്യവും അവനെ ശാന്തമായി മുന്നോട്ടു നയിക്കും; രാത്രിയിൽ കരഞ്ഞുകൊണ്ട് രാപാർക്കും, ഉഷസിങ്കലോ ആനന്ദം വരുന്നു.

5. "കഷ്ടതയും ഉണ്ടാകയില്ല". ജഡസംബന്ധമായി മാത്രമല്ല, അനേകം നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പാപം നീക്കുന്നതും പൊതുവായുള്ള രോഗശാന്തിയും മശിഹാ ഭരണത്തിന്റെ മുഖ്യമായ പ്രത്യക്ഷ അടയാളമായിരിക്കും. ക്രിസ്തുവിന്റെ സഹസ്രാബ്ദ മദ്ധ്യസ്ഥഭരണം തുടങ്ങുമ്പോൾ ലോകത്തിനു വേണ്ടിയുള്ള ഏറ്റവും വലിയ ആതുരാലയം പ്രവർത്തനസജ്ജമാകും. മനുഷ്യരാശി മുഴുവനും വലിയ വൈദ്യന്റെയും തന്റെ കീഴിലുള്ള വൈദ്യന്മാരുടെയും കൈകളിലായിരിക്കും. ദൈവേഷ്ടം ചെയ്യുവാൻ ആഗ്രഹിക്കുന്നതനുസരിച്ച് മനുഷ്യവർഗ്ഗത്തിൽ ഓരോരുത്തന്റെയും പാതയിൽ അവനുള്ള വെളിച്ചം പ്രകാശിതമായിരിക്കും.

# "യാക്കോബിന്റെ കഷ്ടകാലം"

## "THE TIME OF JACOB'S TROUBLE"

**"ആ നാൾ പോലെ വേറെ ഇല്ലാതവണ്ണം അത് വലുതായിരിക്കുന്നു കഷ്ടം! അതു യാക്കോബിനു കഷ്ടകാലം തന്നേ; എങ്കിലും അവൻ അതിൽ നിന്നും രക്ഷിക്കപ്പെടും" (യിരെ. 30:7).**

"യാക്കോബിന്റെ കഷ്ടം" എന്ന പദം ബൈബിളിൽ ഈ ഒരു പ്രാവശ്യം മാത്രമേ കാണപ്പെടുന്നുള്ളൂവെങ്കിലും, സുവിശേഷയുഗത്തിന്റെ അവസാനത്തിൽ ജഡീയ യിസ്രായേലിന്മേൽ വരുന്ന ഈ പ്രത്യേക കഷ്ടം മറ്റ് ചിലതിനോടനുബന്ധിച്ച് പരാമർശിക്കുകയും വിവരിക്കുകയും ചെയ്യുന്നു. യിരെമ്യാവ് 30, 31 അദ്ധ്യായങ്ങളിൽ പ്രവാചകൻ യിസ്രായേലിനെ, അവരുടെ വിടുതലിനേയും ഭാവിയിലെ മഹത്തായ അവസ്ഥയേയും കുറിച്ച് യഹോവയിൽ നിന്നുള്ളോരു ദൂത് നൽകി ധൈര്യപ്പെടുത്തുന്നു. ജാതികൾക്കെതിരായ ദൈവക്രോധത്തിന്റേയും ന്യായവിധിയുടെയും മഹാദിവസത്തിൽ അവൻ യിസ്രായേലിനെ അവരുടെമേൽ ചുമത്തപ്പെട്ട നുകത്തിൽ നിന്ന് വിടുവി

ക്കും (യിരെ. 30:4-11). 1872-ൽ പൂർത്തിയായ ആദാമ്യ സൃഷ്ടിയുടെ 6000 വർഷങ്ങൾക്ക് തൊട്ടുപിന്നാലെ, 1874-ലെ സഹസ്രാബ്ദയുഗത്തിന്റെ തുടക്കവുമായി ഈ ദിവസത്തിന്റെ ആരംഭം പൊരുത്തപ്പെടുന്നു. ഈ ദിവസത്തിലെ വിനാശകരമായ പ്രശ്നങ്ങൾ, 1914-ൽ ലോകമഹായുദ്ധം ഒന്നാം ഘട്ടത്തിന്റെ തുടക്കത്തോടെയാണ് ജാതികളുടെ മേൽ ആരംഭിച്ചത്. യിസ്രായേലിന്റെ വീഴ്ചയുടെ അവസ്ഥ ന്യായപ്രമാണത്തിൻ കീഴിൽ പരിഹരിക്കാനാവാത്തതായിരുന്നതിനാൽ അവരുടെ അകൃത്യങ്ങൾ നിമിത്തം ദൈവം അവരെ ശിക്ഷിച്ചു (സങ്കീ. 107:17). എന്നാൽ അവൻ അവരെ തന്റെ പ്രീതിയിലേക്ക് തിരികെ കൊണ്ടുവരുകയും അവരുടെ പാപങ്ങൾ നിമിത്തം അവൻ അവർക്ക് വരുത്തിയ ഗുരുതര മുറിവുകൾ സുഖപ്പെടുത്തുകയും അവരെ ഉപദ്രവിച്ച ശത്രുക്കളെ ശിക്ഷിക്കുകയും ചെയ്യും (യിരെ. 30: 12-17). അവൻ തന്റെ ജനമായി യിസ്രായേലിനെ പുനർനിർമ്മിക്കും (യിരെ. 30: 18-22; ഒത്തുനോക്കുക: ആമോ. 9:11; അപ്പൊ. 15:15,16). തന്റെ യുക്തമായ ഉദ്ദേശ്യങ്ങൾ സാധ്യമാവുന്നിടത്തോളം മഹാകുഴപ്പകാലത്തിലെ ദൈവത്തിന്റെ വലിയ ക്രോധം അവസാനിക്കുകയില്ല; സഹസ്രാബ്ദയുഗത്തിന്റെ ആരംഭവുമായി കയറി കവിഞ്ഞു കിടക്കുന്ന സുവിശേഷയുഗത്തിന്റെ അന്ത്യത്തിൽ, അവന്റെ ജനം ഇതെക്കുറിച്ച് ധ്യാനിക്കും (വാക്യം 23,24).

**യാക്കോബിന്റെ കഷ്ടകാലം വരുന്നു!**

അതേസമയം, പ്രത്യേകിച്ച് സഹസ്രാബ്ദത്തിൽ (1874- 2874), യഹോവ എല്ലാ യിസ്രായേല്യ കുടുംബങ്ങളുടെയും ദൈവമായിത്തീരും; ന്യായപ്രമാണ ഉടമ്പടി ബന്ധത്തിന്റെ ഫലമായി അവർ അവന്റെ ജനമായിരിക്കും (യിരെ. 31:1-6). സഹസ്രാബ്ദാരംഭത്തിൽ അവൻ യിസ്രായേൽ ശിഷ്ടത്തെ വടക്കൻ ദേശത്തുനിന്നും ജനസമൂഹത്തിന്റെ ഏറ്റവും ചെറിയ ഭാഗങ്ങളിൽ നിന്നുപോലും ശേഖരിക്കുകയും അവരിൽ വലിയൊരു വിഭാഗത്തെ അവരുടെ അവകാശത്തിലേക്ക് തിരികെ നയിക്കുകയും തന്റെ അനുഗ്രഹത്താൽ അവർ സന്തോഷിക്കുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും (യിരെ. 31: 7-14). ദൈവരാജ്യത്തിന്റെ ഭൌമീകവശം സ്ഥാപിക്കപ്പെട്ട ശേഷം, അവൻ മരണത്താൽ നഷ്ടപ്പെട്ട അവരുടെ പ്രിയപ്പെട്ടവരെ തിരികെ വരുത്തും (യിരെ. 31: 15-17). അനുതപിക്കുന്നതായ യിസ്രായേലിലെ പത്ത് ഗോത്രങ്ങളോടും (എഫ്രയീം, യിരെ. 31: 18-22) പശ്ചാത്തപിക്കുന്ന രണ്ട് ഗോത്രങ്ങളോടും (യഹൂദ, യിരെ. 31: 23- 26) അവൻ കരുണ കാണിക്കുകയും അവരുടെ ദുഃഖം സന്തോഷമാക്കി മാറ്റുകയും ചെയ്യും. അവൻ പന്ത്രണ്ട് ഗോത്രങ്ങളുള്ള യിസ്രായേലിനെ അവരുടെ ഭൗമിക അവകാശത്തിലേക്ക് മടക്കിവരുത്തുകയും, ഓരോരുത്തരെയും അവരവരുടെ സ്വന്തം അകൃത്യങ്ങൾക്ക് മാത്രം ഉത്തരവാദികളാക്കുകയും ചെയ്യും (യിരെ. 31: 27-30). അവൻ അവരുമായി ഒരു പുതിയ ഉടമ്പടി ചെയ്യും, അവൻ തന്റെ നിയമം അവരുടെ ഹൃദയങ്ങളിൽ എഴുതും, അങ്ങനെ അവർ എല്ലാവരും അവനെ അറിയുകയും അവൻ അവരുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യും (യിരെ. 31: 31-34). യിസ്രായേൽ എന്നേക്കും ദൈവജനമായി തുടരും, ഒരു വിശുദ്ധ നഗരമായി പുനസ്ഥാപിക്കപ്പെട്ട യെരൂശലേം ഇനി ഒരിക്കലും പിഴുതെറിയപ്പെടുകയില്ല (യിരെ. 31: 35-40).

മേൽപ്പറഞ്ഞവയിൽ നിന്ന് യാക്കോബിന്റെ കഷ്ടകാലം പ്രവചനപരമായി സുവിശേഷ യുഗാവസാനത്തിൽ ബാധകമാകുന്നതായി നാം കാണുന്നു. യിരെ. 30, 31 അധ്യായങ്ങളിലെ മുഴുവൻ പ്രവചനത്തിന്റേയും തലക്കെട്ട് 30:1 -ൽ അടങ്ങിയിരിക്കുന്നു, 2, 3 വാക്യങ്ങൾ അതിനെ തുടർന്നുവരുന്ന പ്രവചന വിഷയത്തെക്കുറിച്ചുള്ള ആമുഖവും നല്കുന്നു. ഈ പ്രവചനം തിരുവെഴുത്തുകളിൽ എഴുതപ്പെടേണ്ടതും, (സുവിശേഷയുഗത്തിൽ) യിസ്രായേലിന്റെ രണ്ടാം പ്രവാസത്തിന് ശേഷം "നിങ്ങളെ ഞാൻ ചിതറിച്ചുകളഞ്ഞ എല്ലാ ജാതികളിൽ നിന്നു"മുള്ള (വാക്യം 11) രണ്ടാം തിരിച്ചുവരവിൽ, ദൈവം അവരുടെ പൂർവ്വികർക്ക് നൽകിയതും, അവർക്ക് വീണ്ടും കൈവശമായിത്തീരുന്നതുമായ ആ വിശുദ്ധ ദേശത്തേക്ക് കൊണ്ടുവരുന്നത് സംബന്ധിച്ച് പ്രോത്സാഹനത്തിന് അത് പഠിക്കുകയും ധ്യാനിക്കുകയും ചെയ്യണമായിരുന്നു.

യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെ വിടുതൽ പൂർത്തീകരിക്കുന്ന ജാതികളുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയെ 4- 11 വരെയുള്ള വാക്യങ്ങൾ പരാമർശിക്കുന്നു. യിസ്രായേൽ യാക്കോബിന്റെ കഷ്ടകാലത്തിലേക്ക് വരുമ്പോൾ, അവർ സമാധാനത്തിനും സുരക്ഷിതത്വത്തിനും പകരം ഭയം അനുഭവിക്കുമെന്ന് ദൈവം ഇവിടെ പ്രവചിക്കുന്നു. ഒരു സ്ത്രീയുടെ ഈറ്റു

നോവിനോട് സങ്കൽപ്പിക്കാവുന്ന കൊടിയ പീഡനങ്ങളുടെ നടുക്കുന്ന വേദനയിൽ അവർ ഭയചകിതരാകും. അവരുടെ ഉഗ്രഭയത്തിന്റെ കാരണം വാക്യം 7-ൽ പ്രസ്താവിച്ചിരിക്കുന്നു. സുവിശേഷയുഗ കൊയ്ത്തും, "ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലവും" (ദാനി. 12:1; മത്താ. 24:21) മുന്നോടിയായി വരുന്ന മഹാന്യായവിധിയുടെ ദിവസമാണിത് (2 പത്രൊ. 3:7, 8). "ആ ദിവസം (ഇപ്പോഴല്ല) വലുതാകുന്നു". ഈ വചനങ്ങൾ, യോവേൽ 2:11 -ൽ പറയുന്ന പ്രകാരം (യിരമ്യാവിന്റെ നാളിനും വളരെ മുമ്പ് എഴുതപ്പെട്ടത്) ഭാവിയിലെ ഒരു സമയത്തിലേക്ക് വിരൽ ചൂണ്ടുന്നു; അത് വലിയ കഷ്ടകാലത്തെ പരാമർശിക്കുന്നു: "യഹോവയുടെ ദിവസം വലുതും അതിഭയങ്കരവുമാകുന്നു." കൂടാതെ, "അതുപോലെ വേറെ ഇല്ലാത്തവണ്ണം" എന്ന യിരമ്യാവിന്റെ പദപ്രയോഗം യോവേൽ 2:2-ലേതിന് സമാനമാണ്: "അങ്ങനെയുള്ളത് പണ്ട് ഉണ്ടായിട്ടില്ല, ഇനി മേലാൽ ഉണ്ടാകയുമില്ല." ഈ ദിവസം യാക്കോബിനും, അതായത്, എല്ലാ യിസ്രായേലിനും, വലിയ ദുരിത സമയമാണ് (യെശ. 22:4,5; സെഫ. 1:14-18).

## യാക്കോബിന്റെ കഷ്ടകാലം ഒന്നാം ഘട്ടം

യാക്കോബിന്റെ കഷ്ടകാലത്തിന്റെ ഒന്നാം ഘട്ടം 1881 -ൽ ആരംഭിച്ച സമയത്തും ഒരു ചെറു വിഭാഗമൊഴികെയുള്ള യഹൂദജനത വിവിധ വിജാതീയ ദേശങ്ങളിൽ പ്രവാസത്തിലായിരുന്നു. അവർ യാക്കോബിന്റെ മരണം മുതൽ A.D. 33-ലെ വസന്തകാലത്ത് മശിഹായെ നിരസിക്കുന്നത് വരെ 1845 വർഷത്തെ കർത്താവിന്റെ പ്രീതി അനുഭവിച്ചു. അതിനുശേഷം, 1845 വർഷത്തേക്ക് അവരുടെ "ഇരട്ടി" അല്ലെങ്കിൽ തുല്യകാലമായ, അപ്രീതി ഉണ്ടാവുകയും (സെഖ. 9:9, 12; മത്താ. 21:4, 5: 23:38, 39), അത് A.D. 1878 –ലെ വസന്തകാലത്ത് അവസാനിക്കുകയും ചെയ്തു. അന്ന് മുതൽ ദൈവകൃപ യിസ്രായേലിൽ തിരിച്ചുവരുവാൻ തുടങ്ങി (യെശ. 40:1, 2). 1878-ൽ ഡെലിറ്റ്ഷ് തന്റെ എബ്രായ പുതിയ നിയമത്തിന്റെ പൊതുവായ പ്രചാരണം ആരംഭിച്ചു. അന്നത്തെ ഇംഗ്ലണ്ടിന്റെ പ്രധാനമന്ത്രിയായിരുന്ന ഡിസ്രേലി എന്ന യഹൂദൻ, പാലസ്തീൻ ഉൾപ്പെടെയുള്ള തുർക്കിയുടെ ഏഷ്യൻ പ്രവിശ്യകളിന്മേൽ ഇംഗ്ലണ്ടിന് ഒരു പൊതു സംരക്ഷണാധികാരം ലഭിക്കുവാൻ ബെർലിൻ കോൺഗ്രസ് ഓഫ് നേഷൻസിനെ സ്വാധീനിച്ചു; അതേസമയം, തുർക്കി ഗവൺമെന്റ് അന്യദേശക്കാരെ സംബന്ധിക്കുന്ന തങ്ങളുടെ നിയമങ്ങൾ പരിഷ്കരിച്ചു, അത് പാലസ്തീനിൽ അന്നു താമസിച്ചിരുന്ന യഹൂദന്മാരുടെ സാഹചര്യങ്ങളെ മെച്ചപ്പെടുത്തുകയും റിയൽ-എസ്റ്റേറ്റ് കൈവശം വയ്ക്കാനുള്ള പ്രത്യേകാവകാശത്തോടെ മറ്റുള്ളവർക്ക് അവിടെ താമസിക്കാനുള്ള അനുവാദം ഭാഗികമായി നല്കുകയും ചെയ്തു. അങ്ങനെ, 1878-ൽ, യിസ്രായേലിന്റെ "നിയമിച്ച സമയം" പൂർത്തിയാകുകയും (യെശ. 40:1, 2, മാർജിൻ) അവൾ "അവളുടെ എല്ലാ പാപങ്ങൾക്കും ഇരട്ടി" (തുല്യ കാലശിക്ഷ) അനുഭവിക്കുകയും ചെയ്തശേഷം, ദൈവം തന്റെ ജനത്തെ മതപരവും മതേതരവുമായ വശങ്ങളിൽ ആശ്വസിപ്പിക്കുവാൻ ആരംഭിച്ചു.

എന്നാൽ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിനുള്ള മുന്നൊരുക്കമായി അവരെ അവരുടെ മാതൃരാജ്യത്തേക്ക് തിരികെ കൊണ്ടുവരാൻ ഇതിലുമേറെ കാര്യങ്ങളാവശ്യമാണ് (മത്താ. 6:10; സംഖ്യാ. 14:21; യെശ. 2:2-4; 11:9; ദാനീ. 2:35, 44; വെളി. 5:10). യാക്കോബിന്റെ കഷ്ടകാലത്തിലെ പുനഃശേഖരണ ഘട്ടത്തിൽ, "മീൻപിടിക്കാരാലും" "നായാട്ടുകാരാലും" ദൈവം ഇത് ആദ്യമായി നിറവേറ്റുന്നു (യിരെ. 16:14-16). യഹൂദന്മാരെ സ്വന്തം നാട്ടിലേക്ക് ആകർഷിക്കാൻ സിയോനിസത്തിന്റേയും മറ്റും ആകർഷകമായ ചൂണ്ടകൾ ഉപയോഗിക്കുന്നവരാണ് "മീൻപിടിക്കാർ". ഈയൊരു പ്രവർത്തനം ഡോ. തിയഡോർ ഹെർസൽ -ന്റെ മുൻഗാമിയായ ലിയോ പിൻസ്കറിനാൽ (Leo Pinsker) 1882 -ൽ ആരംഭിച്ചു. രാഷ്ട്രതന്ത്രജ്ഞരും യഹൂദ പ്രക്ഷോഭകരും അനേകം ക്രിസ്ത്യാനികളും യഹൂദന്മാരെ അവരുടെ മാതൃരാജ്യത്തേക്ക് മടങ്ങാൻ പ്രോത്സാഹിപ്പിക്കുകയും അതിലേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്തു. നശിപ്പിക്കാൻ ശ്രമിക്കുന്നവരാണ് "നായാട്ടുകാർ". അനേകം യഹൂദർ അവരുടെ മാതൃദേശത്തേക്ക് മടങ്ങുന്നതിന് ഇതും കാരണമായി. 1878-ൽ റുമാനിയയിലും ഗലീഷ്യയിലും അവർക്കെതിരെ ക്രൂര പീഡനങ്ങൾ ഉയർന്നു, പ്രത്യേകിച്ച് റഷ്യയിൽ, 1881-ൽ പാസാക്കിയ 'മെയ്-നിയമ'ങ്ങളുടെ ഫലമായി യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ ക്രൂരവും പൈശാചികവുമായ പീഡനങ്ങൾ തുടർന്നു വന്നു. യഹൂദന്മാർക്കെതിരെ പല കോണുകളിലും വംശഹത്യകൾ പൊട്ടിപ്പുറപ്പെടുകയും പ്രത്യേകിച്ച് ലോകമഹായുദ്ധത്തിന്റെ രണ്ട് ഘട്ടങ്ങളിലും പറഞ്ഞറിയിക്കാനാവാത്ത വിധം

ക്രൂരതകളും നടന്നു. വലിയ തോതിലോ, പുറമേ ശ്രദ്ധേയമായ പീഡനമോ അല്ലെങ്കിലും, ഈ "നായാട്ട്" ഇപ്പോഴും ചില രാജ്യങ്ങളിൽ തുടരുന്നു. അങ്ങനെ, ഈ "യാക്കോബിന്റെ കഷ്ടകാലം" മുഖാന്തരം ദൈവം തന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്.

### പുനഃസ്ഥാപിക്കപ്പെട്ട യിസ്രായേലിൽ 12 ഗോത്രങ്ങളും ഉൾപ്പെടുന്നു

യിസ്രായേൽ മക്കളെ വീണ്ടും കൂട്ടിച്ചേർക്കും എന്ന വാഗ്ദത്തത്തിൽ, കേവലം 10 ഗോത്രങ്ങളെ (ചിലസമയം യിസ്രായേൽ എന്നും എഫ്രയീം എന്നും മറ്റും വിളിച്ചിരിക്കുന്നു) സാധാരണയായി യഹൂദ എന്ന് വിളിക്കുന്ന ആ രണ്ടു ഗോത്രങ്ങളിൽ നിന്നുള്ള ഭിന്നതയെ മാത്രമല്ല ദൈവം പരാമർശിച്ചിട്ടുള്ളത്, പകരം 12 ഗോത്രങ്ങളേയുമാണ് പരാമർശിച്ചിരിക്കുന്നത്. "യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകൾ" (മത്താ. 10:6) എന്നത്, A.D. 33 -ൽ തള്ളപ്പെട്ടു പോയ ഈ ഗൃഹത്തിലെ എല്ലാ 12 ഗോത്രങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. അത് എല്ലാ 12 ഗോത്രങ്ങളേയും അർഥമാക്കുന്നതായി യെശ. 11:11, 12 വാക്യങ്ങൾ വ്യക്തമായി സൂചിപ്പിക്കുന്നു. അവിടെ 10 ഗോത്രങ്ങളെ യിസ്രായേൽ എന്നും 2 ഗോത്രങ്ങളെ യഹൂദാ എന്നും വ്യക്തമാക്കിയിരിക്കുന്നു അന്നാളിൽ ['ആ നാൾ' - 'യാക്കോബിന്റെ കഷ്ടകാലം' എന്ന് യിരെ. 30:7 -ൽ പരാമർശിച്ചിരിക്കുന്ന അതേ ദിവസം], കർത്താവ് തന്റെ ജനത്തിൽ ശേഷിച്ചിരിക്കുന്ന ശേഷിപ്പിനെ .... വീണ്ടുകൊൾവാൻ രണ്ടാം പ്രാവശ്യം [ബാബിലോണിയൻ അടിമത്തത്തിന്റെ ഒടുക്കം ആദ്യമായി അവൻ ചെയ്തതു പോലെ] കൈനീട്ടും. അവൻ ജാതികൾക്ക് ഒരു കൊടി ഉയർത്തി, യിസ്രായേലിന്റെ ഭ്രഷ്ടന്മാരെ ചേർക്കുകയും യെഹൂദയുടെ ചിതറിപ്പോയവരെ ഭൂമിയുടെ നാലുദിക്കുകളിൽ നിന്നും ഒന്നിച്ചുകൂട്ടുകയും ചെയ്യും" (മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്തവിധം ഇതെല്ലാം 1878 മുതൽ നടന്നുകൊണ്ടിരിക്കുന്നു, അവരുടെ സുവിശേഷയുഗകാലത്തിലെ ചിതറിക്കലിനു മുമ്പ് ഒരിക്കലും പന്ത്രണ്ട് ഗോത്രങ്ങൾ ഭൂമിയുടെ നാല് കോണുകളിലേക്ക് ചിതറിപ്പോയിരുന്നതുമില്ല).

യെഹെ. 36:22, 24 -ലും ദൈവം യിസ്രായേൽ എന്ന പേരിനാൽ പന്ത്രണ്ട് ഗോത്രങ്ങളെയും പരാമർശിക്കുന്നു, അവിടെ അവൻ അരുളിചെയ്യുന്നത്: "അതുകൊണ്ട് നീ യിസ്രായേൽ ഗൃഹത്തോടു പറയേണ്ടത് . . . . . ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്നും കൂട്ടി സകല ദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്ത ദേശത്തേക്ക് വരുത്തും". അവരെ "ദേശത്ത്, യിസ്രായേൽ പർവ്വതങ്ങളിൽ തന്നെ ഏകജാതിയും... എന്നേക്കും ... ദേശത്ത് അവർ പാർക്കുകയും" ചെയ്യേണ്ടതിന്, സകല ദിക്കിൽ നിന്നും ദൈവം അവരെ ചിതറിച്ചു കളഞ്ഞ സകല ജാതീയ രാഷ്ട്രങ്ങളുടെ നാശത്തിനു മുന്നോടിയായി ഈ വീണ്ടും ശേഖരണം നടക്കണമായിരുന്നു.




### യക്കോബിന്റെ കഷ്ടകാലം രണ്ടാം ഘട്ടം

അപ്രകാരം "അന്ന്" യാക്കോബിന്റെ കഷ്ടകാലം ഒന്നാം ഘട്ടത്തിൽ, ദൈവം യിസ്രായേലിന്റെ കഴുത്തിൽ നിന്ന് യൂറോപ്പിന്റെ നുകം ക്രമേണ വിടുവിക്കുകയും (യിരെ. 30: 8), യൂറോപ്പുമായി അവരെ ബന്ധിപ്പിച്ചിരുന്ന ബന്ധനങ്ങളും നിയന്ത്രണങ്ങളും ക്രമേണ അയഞ്ഞുവരികയും വിച്ഛേദിക്കപ്പെടുകയും ചെയ്തു. എന്നാൽ യക്കോബിന്റെ കഷ്ടകാലത്തിന് ഒരു രണ്ടാം ഘട്ടം കൂടിയുണ്ട്. ഇത് പറൂസ്യ വാല്യം 4-ൽ (P-4) 552, 554 പേജുകളിൽ "അവസാന കാഹളം" എന്നും "തീവ്രവേദനയുടെ മറ്റൊരു തരംഗം.... ആ മഹാദിവസത്തിലെ യുദ്ധത്തിലെ അവസാന സംഘർഷം" എന്നും പറയുന്നതോടൊപ്പം ഇതിനെ 552-561 പേജുകളിൽ വിശദീകരിക്കുന്നു.

ലോക അരാജകത്വത്തിന്റെ അവസാനത്തിലാണ് യാക്കോബിന്റെ ഈ കഷ്ടകാലം രണ്ടാം ഘട്ടം വരുന്നത്. ഇത് യെഹെ. 38, 39 -ൽ വിവരിക്കുന്നു. പുനഃസ്ഥാപിക്കപ്പെട്ട യിസ്രായേലിന്റെ വർദ്ധിച്ചുവരുന്ന സമ്പത്തും

സമൃദ്ധിയും യൂറോപ്യൻ, ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ അത്യാഗ്രഹം ഉണർത്തുന്നു, ഇത് അവരുടെ അരാജകത്വ ശേഷിപ്പുകളിൽ വളരെയധികം പ്രകടമാവുകയും ചെയ്യും. ഇവ യിസ്രായേലിന്റെ മേൽ, യാക്കോബിന്റെ കഷ്ടതയുടെ രണ്ടാം ഘട്ടം, അന്തിമ ഘട്ടം, യിസ്രായേലിന്റെ കഷ്ടത്തിന്റെ പാനപാത്രത്തിലെ അവസാനത്തെ തുള്ളികളെ കൊണ്ടുവരും.

ഗോഗ്, ജാതികളുടെ നേതാക്കന്മാരെ ദൈവജനത്തിന്റെ ശത്രുക്കളായി പ്രതിനിധീകരിക്കുന്നു, മാഗോഗ് ദൈവജനത്തിന്റെ ശത്രുക്കളായ ജാതികളുടെ നേതൃത്വത്തെയും പ്രതിനിധീകരിക്കുന്നു. വെളി. 20:8 ("ജാതികൾ . . . . ഗോഗും മാഗോഗും") സഹസ്രാബ്ദത്തിന്റെ അവസാനത്തിൽ, അല്പകാലത്തിൽ ഇത് സംഭവിക്കുമെന്ന് വ്യക്തമായി കാണിക്കുന്നു; അതിനാൽ ന്യായമായും സുവിശേഷയുഗത്തിന്റെ അവസാനത്തിൽ ദൈവത്തിന്റെ ജഡിക യിസ്രായേലിന്റെ ശത്രുക്കളുടെ കാര്യത്തിൽ ഇത് സത്യമാണ്. ഈ അരാജകത്വ കൊള്ളക്കാർ, യെഹെ. 38,39; സെഖ. 12:1-9; 14:1-3 ഇവയിൽ വിവരിച്ചിരിക്കുന്നതുപോലെ യിസ്രായേലിനെ, യാക്കോബിന്റെ ഈ അവസാനത്തെയും രണ്ടാമത്തേതുമായ കഷ്ടത്തിന്റെ ഘട്ടത്തിൽ തീവ്രമായി ഞെരുക്കും.

യിസ്രായേലിന് അവരുടെ അവിശ്വാസം നിമിത്തം വന്ന അന്തിമ ശിക്ഷണവും അവരുടെ ശത്രുക്കളുടെ അത്ഭുതകരമായ പരാജയവും ഒടുവിൽ അവരുടെ കണ്ണുകളെ തുറക്കും; "തങ്ങൾ കുത്തീട്ടുള്ളവങ്കലേക്ക് അവർ നോക്കും, ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും, ആദ്യജാതനെക്കുറിച്ച് വ്യാസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വ്യസനിക്കും" (സെഖ. 12:10). അപ്പോൾ, ഒരു ജനതയായി പരിവർത്തനം ചെയ്യപ്പെട്ട യിസ്രായേൽ, തങ്ങളുടെ മിശിഹായെ ഈ മഹോദ്രവത്തിലെ കഷ്ടങ്ങളിൽ ("മേഘങ്ങൾ" -വെളി. 1:7) തങ്ങളുടെ വിമോചനത്തിനായി പ്രവചിച്ചിരിക്കുന്നതുപോലെ (യെഹെ. 39: 22-29; സെഖ. 12; 14: 1-3; യിരെ. 30:7, 8) വന്നിരിക്കുന്നതായി തിരിച്ചറിയും. അപ്പോൾ "അവർ തങ്ങളുടെ ദൈവമായ യഹോവയേയും, ഞാൻ അവർക്ക് എഴുന്നേല്പിപ്പാനുള്ള രാജാവായ ദാവീദിനെയും [പ്രിയൻ, അതായത് മശിഹാ – യെഹെ. 34:23, 24; 37:24, 25; ഹോശേ. 3:5] സേവിക്കും (യിരെ. 30:9). "ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും. "വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും; അവൻ യാക്കോബിൽ നിന്ന് അഭക്തിയെ മാറ്റും. ഞാൻ അവരുടെ പാപങ്ങൾ നീക്കുമ്പോൾ ഇത് ഞാൻ അവരോട് ചെയ്യുന്ന നിയമം എന്നു ഏഴുതിയിരിക്കുന്നുവല്ലോ" (റോമ. 11:26, 27). ഇത് നിത്യജീവനിലേക്കുള്ള അവരുടെ സാർവത്രിക രക്ഷയെ അർത്ഥമാക്കുന്നില്ല, എന്നാൽ അതിനോടുള്ള ബന്ധത്തിൽ, സുവിശേഷയുഗ "അംശമായ അന്ധത [അല്ലെങ്കിൽ കാഠിന്യം] യിൽ നിന്നും, ന്യായപ്രമാണത്തിനും ക്രിസ്തുവിനും എതിരായ പാപങ്ങളുടെ ശിക്ഷയിൽ നിന്നും, ഒപ്പം തന്നെ ആദാമ്യ പാപത്തിൽ നിന്നും യഹൂദയുടെ പ്രത്യേകമായ പാപങ്ങളുടെ ശിക്ഷയിൽ നിന്നും സകല യിസ്രയേലിന്റെയും വിടുതൽ അത് അർത്ഥമാക്കുന്നു.

ഭൂമിയിൽ കർത്താവിന്റെ നീതിയുള്ള ഭരണം (യെശ. 26:9; 28:17) ആദ്യം സ്ഥാപിക്കപ്പെടുന്നത് യിസ്രായേലിൽ, പുനഃസംഘടിപ്പിക്കപ്പെട്ട് പരിവർത്തനം ചെയ്യപ്പെട്ട യഹൂദരുടെ ഇടയിൽ ആയിരിക്കും (സെഖ. 12:7, 8; യിരെ. 23:5, 6; 33:14-16; യെഹെ. 36:24-38; സഹസ്രാബ്ദം വാല്യം-17 (E-17), പേജ് 333-345 കാണുക). അവർ സന്തോഷത്തോടെ പുനരുത്ഥാനം പ്രാപിച്ച തങ്ങളുടെ ഗോത്രപിതാക്കന്മാരെയും മറ്റ് വീരന്മാരെയും പുകഴ്ത്തുകയും അവരുടെ നന്മയും കരുണയുമുള്ള ഭരണത്താൽ വളരെയധികം അനുഗ്രഹിക്കപ്പെടുകയും ചെയ്യും (യെശ. 1:25-27; 25:9; 32:1). പിന്നീട് അൽപ്പം കഴിഞ്ഞ് വിജാതീയ ജനതകൾ, കഷ്ടകാലത്തിന്റെ (മത്താ. 24:21, 22) ബുദ്ധിമുട്ടുകളാൽ തകർന്നും തളർന്നും ഇല്ലായ്മയിലും ആയിരിക്കെ, യിസ്രായേൽ അസ്വദിക്കുവാൻ പോകുന്ന മഹത്തായ അനുഗ്രഹങ്ങളെക്കുറിച്ച് പഠിക്കുകയും തങ്ങൾക്കും സമാനമായ അനുഗ്രഹത്തിനായി ആഗ്രഹിക്കുകയും ചെയ്യും (യെശ. 2:3, 4; സെഖ. 8:20-22). അതിനായുള്ള, അവരുടെ എളിയ സഹായ യാചനകൾക്ക് മറുപടിയായി, ആ രാജ്യം അതിന്റെ ക്രമീകരണങ്ങളോടെ ഓരോരോ ജനതയിലേക്കായി സ്ഥാപിക്കപ്പെടുകയും അത് ഒരു സാർവ്വത്രിക സാമ്രാജ്യമായി മാറുകയും ചെയ്യും (ദാനീ. 2:44; 7:27). പുരാതന വീരന്മാരുടെയും യുവ വീരന്മാരുടെയും (അബ്രഹാമ്യ പ്രാഥമിക ഭൗമിക സന്തതി – യോവേൽ 2:28; 2 തിമൊ. 2:20) നേതൃത്വത്തിൻ കീഴിൽ ജഡിക യിസ്രായേൽ (അബ്രഹാമ്യ ദ്വിതിയ ഭൗമീക സന്തതി), ജാതിയ ലോകത്തെ മനം തിരിക്കുന്ന

തിനും അനുഗ്രഹിക്കുന്നതിനും (ഉല്പ. 22:17,18; 28:14; യെശ. 19:24; യെഹെ. 16:60,61; സങ്കീ. 107:22) രാജ്യത്തിന്റെ ആത്മിയ വശമായ ചെറിയ ആട്ടിൻകൂട്ടത്തിനും മഹാപുരുഷാരത്തിനും (ലൂക്കൊ. 12:32; സങ്കീ. 45:14,15; വെളി. 7) ഒപ്പം സഹകരിക്കുന്നതിനുള്ള വിശേഷാവകാശത്തിന് യോഗ്യരാകും. ഇത് ഭൂമിയിലെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കുന്നതിനെക്കുറിച്ച് യിരെ. 31 -ൽ വിശദീകരിച്ചിരിക്കുന്നതു പോലെ, യിസ്രായേലിന്റെ പുതിയ ഉടമ്പടിയിൻ കീഴിൽ പൂർത്തീകരിക്കും.

ഭൂമി മുഴുവൻ, പ്രത്യേകിച്ച് യിസ്രായേൽ, വരാനിരിക്കുന്ന മഹത്തായ അനുഗ്രഹങ്ങളിൽ സന്തോഷിക്കട്ടെ, അത് ഇപ്പോൾ വളരെ അടുത്തായിരിക്കുന്നു. ഈ വാഗ്ദത്തം ഉറപ്പാണ്. ദൈവം തന്നെത്താൻ വാഗ്ദത്തം ചെയ്തിരിക്കുന്നു, നാം "ശക്തിയുള്ള പ്രബോധനം പ്രാപിക്കുന്നതിന്" (എബ്രാ. 6:16-18) ആണയോടുകൂടിയ വാഗ്ദത്തത്താൽ കൃപയോടെ ഉറപ്പിച്ചിരിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധം ലോകത്തെ മുഴുവൻ പുതിയ ദിവസത്തിനും അതിലെ മഹത്തായ യാഥാസ്ഥാപന പ്രവർത്തനത്തിനുമായി ഒരുക്കുകയും (അപ്പൊ. 3:19-23) ഒപ്പം യാക്കോബിന്റെ ഈ കഷ്ടകാലം യാക്കോബിന്റെ സന്തതിയെ അവരുടെ ഓഹരിക്കായി ഒരുക്കുകയും ചെയ്യുന്നു.

ഈ ഉണർവ്വിന്റെ സമയം മേഘങ്ങളുടെയും അന്ധകാരത്തിന്റെയുമായ ഒന്നാണെങ്കിലും (യോവേ. 2:1-3), ഈ വിനാശ പ്രവർത്തനം ഒരു ചുരുങ്ങിയ പ്രവൃത്തിയായിരിക്കുമെന്ന (മത്താ. 24:22) അനുഗ്രഹീതമായ ഉറപ്പിന് ദൈവത്തിന് നന്ദി പറയാം. അതിനു ശേഷം ഉടൻ നീതിസൂര്യൻ ശോഭയോടെ പ്രകാശിക്കും (മലാ. 4:1, 2). "ഭൂമി [ഇപ്പോഴത്തെ സ്വാർത്ഥതയിൽ അടിസ്ഥാനപ്പെട്ട പഴയ സാമൂഹിക ഘടന].. ഒരു കാവൽമാടം പോലെ മാറ്റപ്പെടും .... അത് വീഴും .. എഴുന്നേൽക്കയുമില്ല" (യെശ. 24: 19, 20). ഈ മഹോപദ്രവകാലം ദൈവത്തിന്റെ പുതിയ ഭവനം, പുതിയ യെരൂശലേം, പുതിയ സ്വർഗം, നീതിവസിക്കുന്ന പുതിയ ഭൂമി എന്നിവയിലേക്കുള്ള വഴിയെ തെളിയിക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ളതാണ് (2 പത്രൊ. 3:13; യെശ. 65:17; വെളി. 21). "ഇത് സംഭവിക്കുന്നത് കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്ന് ഗ്രഹിപ്പിൻ" (ലൂക്കൊ. 21:31).

**പ്രവചനം**

**യിസ്രായേൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ഇനിയും തുടരും.**

"ഭൂമിയിലെ സകല വംശങ്ങളിലും വെച്ചു ഞാൻ നിങ്ങളെ മാത്രം തിരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ടു ഞാൻ നിങ്ങളുടെ ആകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും" - ആമോസ് 3:2

**യിസ്രായേലിന്റെ വിലാപം ആനന്ദമായി മാറും**

"ഞാൻ യിസ്രായേലും യെഹൂദയുമായ എന്റെ ജനത്തിന്റെ പ്രവാസം മാറ്റുവാനുള്ള കാലം വരും എന്നു യഹോവയുടെ അരുളപ്പാട്: ഞാൻ അവരുടെ പിതാക്കന്മാർക്ക് കൊടുത്ത ദേശത്തേക്ക് അവരെ മടക്കി വരുത്തും; അവർ അതിനെ കൈവശമാക്കും എന്ന് യഹോവയുടെ അരുളപ്പാട്. - യിരെമ്യാവ് 30:3

## യിസ്രായേലും യാക്കോബിന്റെ കഷ്ടവും

നമുക്ക് ഒന്നാമതായി, യിസ്രായേലിനെയും പാലസ്തീനെയും കുറിച്ച് ചർച്ച ചെയ്യുകയും, ആമോസ് പ്രവാചകന്റെ സന്ദേശത്തെ പര്യാലോചിക്കുകയും ചെയ്യാം. "അന്നാളിൽ ഞാൻ ദാവീദിന്റെ വീണുപോയ കൂടാരം ഉയർത്തുകയും അതിന്റെ കേടുപാടുകൾ അടയ്ക്കുകയും അതിന്റെ ഇടിവുകളെ തീർക്കുകയും പുരാതനകാലത്തിൽ എന്നപോലെ പണിയുകയും ചെയ്യും. ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കി വരുത്തും. ശൂന്യമായിപ്പോയിരുന്ന പട്ടണങ്ങളെ അവർ പണിതു പാർക്കയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞു കുടിക്കയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കുകയും ചെയ്യും. (15-ാം വാക്യം ശ്രദ്ധിക്കുക) "ഞാൻ അവരെ അവരുടെ ദേശത്ത് നടും." – "ഞാൻ അവരെ അവരുടെ ദേശത്ത് നടും, ഞാൻ അവർക്ക് കൊടുത്തിരിക്കുന്ന ദേശത്ത് നിന്നും അവരെ ഇനി പറിച്ചുകളയുകയുമില്ല എന്ന് നിന്റെ ദൈവമായ യഹോവ അരുളിചെയ്യുന്നു" (ആമോസ് 9:11, 14, 15).

ദൈവം അബ്രഹാമിനും അബ്രഹാമിന്റെ സന്തതിക്കും വാഗ്ദത്തം ചെയ്തതാണ് ഈ ദേശം, പിന്നീട്, അവൻ ആ വാഗ്ദത്തം യിസ്ഹാക്കിനോടും പിന്നെ യാക്കോബിനോടും ആവർത്തിച്ചു, അങ്ങനെ അത് യിസ്രായേൽ ജനതയുടെ ഉത്ഭവത്തോടു കൂടിയായിരുന്നു. ഇപ്പോൾ നിങ്ങൾക്കറിയാവുന്നതുപോലെ, യിസ്രായേൽ ദൈവത്തിന് ഹിതകരമായ പലതും ചെയ്തു. എന്നാൽ ചിലപ്പോൾ അവർ അപ്രകാരം ചെയ്തില്ല. അനുസരണക്കേടിന് ദൈവം

യിസ്രായേലിനെ ശിക്ഷിച്ച സമയങ്ങളുണ്ട്. ആമോസ് 3:2 -ൽ നാം വായിക്കുന്നതുപോലെ, "ഭൂമിയിലെ സകല വംശങ്ങളിൽ നിന്നും ഞാൻ നിങ്ങളെ മാത്രം തിരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ടു ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും". അത് വിചിത്രമായി തോന്നുന്നില്ലേ? ഒരു വശത്ത്, ദൈവം തന്റെ ജനമായ യിസ്രായേലിനെ അനുഗ്രഹിക്കാൻ പോകുന്നുവെന്ന് പറയുന്നു, മറുവശത്ത്, ഞാൻ അവരെ ശിക്ഷിക്കും, അവർ തെറ്റ് ചെയ്യുമ്പോൾ ഞാൻ അവരെ ശിക്ഷിക്കുമെന്നും പറയുന്നു.

അപ്രകാരമാണ് ദൈവത്തിന്റെ പ്രീതി തന്റെ ജനത്തോട് കാണിക്കുന്നത്. അതുപോലെ, അവൻ നമ്മോടും തന്റെ പ്രീതി കാണിക്കുന്നു, അവൻ മുന്നോട്ടുവച്ച സത്യത്തിന്റേയും നീതിയുടെയും വഴിയിൽ നിന്ന് നാം വ്യതിചലിച്ചാൽ, അവൻ നമ്മെ ശിക്ഷിക്കുകയും തെറ്റ് ചെയ്യുമ്പോൾ ശിക്ഷിക്കുകയും ചെയ്യും. അങ്ങനെ, യിസ്രായേലിനൊപ്പം ദൈവം അവരെ അനുഗ്രഹിച്ചു. അവൻ അവർക്ക് തന്റെ നിയുക്ത ദൂതനെ അയച്ചു, അവൻ അവരുടെ മശിഹാ ആയിരുന്നു, അവൻ അവർക്ക് സുവിശേഷ സന്ദേശം നല്കി, അവർ അത് നിരസിച്ചു. നമ്മുടെ കർത്താവിനെ ക്രൂശിക്കുന്നതിന് അവർ ശഠിച്ചു.

നമ്മുടെ കർത്താവിനെ ക്രൂശിക്കുന്നതിനായി യിസ്രായേല്യർ ആവശ്യപ്പെട്ടപ്പോൾ പീലാത്തോസ് അവരോട് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടോ? "അവൻ വെള്ളമെടുത്ത് പുരുഷാരം കാൺകെ കൈ കഴുകി: ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് കുറ്റമില്ല നിങ്ങൾ തന്നേ നോക്കിക്കൊൾവിൻ" (മത്താ. 27:24). നിങ്ങൾക്കറിയാമോ, ദൈവിക ശിക്ഷാവിധിയുടെ ഭാഗത്തുനിന്ന് അവൻ യഥാർത്ഥത്തിൽ മുക്തനായിരുന്നില്ല. അവിടെ സന്നിഹിതരായിരുന്ന യഹൂദന്മാർ എന്താണ് പറഞ്ഞത്? 25-ാം വാക്യം പറയുന്നത്, "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ."

ഭൂമുഖത്തെ മറ്റേതൊരു ജനതയേക്കാളും യഹൂദ വംശം പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. അത് എന്തുകൊണ്ടാണെന്ന് ഒരാൾ ചോദിച്ചേക്കാം. എന്തുകൊണ്ടാണ് അവർ ഇത്രയേറെക്കാലം ഇത്രയധികം ശിക്ഷിക്കപ്പെട്ടത്? വ്യക്തമായും ഇത് തന്നെയാണ് കാരണം. അവർക്കായുള്ള ദൈവീക കൃപയ്ക്കെതിരായുള്ള പ്രവർത്തികളാൽ അവർ പാപം ചെയ്തതിന്റെ ഫലമാണിത്. അതിനാൽ, കാലക്രമത്തിൽ നീതിയുടെയും കൃപയുടെയും ലംഘനങ്ങൾക്ക് ദൈവം അവരെ ശിക്ഷിച്ചു.

നമ്മുടെ കർത്താവിന്റെ ക്രൂശുമരണവും അവന്റെ മരണത്തിനായി മുറവിളികൂട്ടുന്ന അന്നത്തെ യഹൂദന്മാരും അവരുടെ മശിഹായെ കേന്ദ്രീകരിച്ചുള്ള സുവിശേഷ സന്ദേശം നിരസിച്ചതുമെല്ലാം അവരുടെ ഭാഗത്തുനിന്നും ഉണ്ടായതാണ്. അവർ അവരുടെ മശിഹായേയും അവൻ പ്രസംഗിച്ച സന്ദേശവും സ്വീകരിച്ചിരുന്നെങ്കിൽ, 1,44,000 മണവാട്ടി അംഗങ്ങളും നിസ്സംശയമായും ആ ജനത്തിൽ നിന്നാകുമായിരുന്നു (വെളി. 7:4). അതിൽ വിജാതീയരൊന്നും ഉണ്ടാകുമായിരുന്നില്ല. എങ്ങനെയായാലും, അവർ അവനെ തള്ളിക്കളഞ്ഞതിനാൽ, ദൈവവും അവരെ തള്ളിക്കളഞ്ഞു. അവരുടെ ശിക്ഷ ആരംഭിച്ചത് A.D. 69-ലും A.D. 70-ൽ റോമൻ സൈന്യം വന്ന് പാലസ്തീനെ കീഴടക്കുകയും യരുശലേം നഗരം വാളിനാലും, തീയാലും, ക്ഷാമവും കൊണ്ട് പിടിച്ചടക്കുകയും ചെയ്തു. അന്നുമുതൽ യിസ്രായേൽ ലോകത്തിലെ വിവിധ രാജ്യങ്ങളിലും ജാതികളിലുമായി ചിതറിക്കിടക്കുകയായിരുന്നു. ക്രിസ്തുവിന്റെ നാമം അവകാശപ്പെടുന്ന ക്രിസ്ത്യൻ രാഷ്ട്രങ്ങൾ എന്ന് വിളിക്കപ്പെടുന്ന ഇടങ്ങളിൽ യഹൂദന്മാർ പീഡിപ്പിക്കപ്പെട്ടു. കുരിശിന്റെ ബാനറിൻ കീഴിൽ, മഹാ എതിർക്രിസ്തു വ്യവസ്ഥിതിയുടെ കുരിശുയുദ്ധ സൈന്യം പാലസ്തീനിലേക്ക് ചെന്നപ്പോഴും അവർ പീഡിപ്പിക്കപ്പെട്ടു. ഇന്നസെന്റ്-III മാർപാപ്പയുടെ ആശയമെന്ന നിലയിൽ നടന്ന മതവിചാരണ, യൂറോപ്പ്, മെക്സിക്കോ, തെക്കേ അമേരിക്ക എന്നിവിടങ്ങളിൽ ഉടനീളമുള്ള യഥാർത്ഥ ക്രിസ്ത്യാനികളെ മാത്രമല്ല, യഹൂദന്മാരെയും ഇരകളാക്കി.

യിസ്രായേലിനെ വേർപ്പെടുത്തിയ അന്ധതയെക്കുറിച്ചുള്ള ബൈബിൾ പരാമർശത്തെക്കുറിച്ച് നമുക്ക് അല്പം ചിന്തിക്കാം. റോമർ 11:25 യിസ്രായേലിന്റെ സമകാലശിക്ഷയെ കാണിക്കുന്നു. മുൻകാലങ്ങളിൽ, യിസ്രായേലിന്റെ അനുഭവങ്ങൾ രണ്ട് വ്യത്യസ്ത കാലഘട്ടങ്ങളിൽ രണ്ട് വ്യത്യസ്ത വഴികളിലൂടെ നീങ്ങി. ആദ്യ കാലഘട്ടം, 1813 B.C. -ൽ യാക്കോബിന്റെ മരണം മുതൽ A.D. 33 വരെയുള്ള 1845 വർഷം അവർ ദൈവകൃപയിൽ ആയിരുന്ന കാലമാണ്. കഴിഞ്ഞ കാലങ്ങളിൽ എഴുത്തുകാരും ഗ്രന്ഥകാരന്മാരും B.C. "Before Christ's" birth എന്ന് ഉപയോഗിച്ചിരുന്നത് (ഉദാ. 1813 B.C.) ഇപ്പോൾ അവർ BCE, "Before the Common Era" എന്ന രീതി ഉപയോഗി

ക്കുന്നു. മുസ്ലീങ്ങളെയും മറ്റ് എല്ലാ വിജാതീയ മതങ്ങളെയും വ്രണപ്പെടുത്താതെ, എന്നാൽ ക്രിസ്തുമതത്തെ പരാമർശിക്കുന്നവയെ ഒഴിവാക്കുന്നതിനാണ് അവർ ശ്രമിക്കുന്നത്. യേശുവിന്റെ ഈ ഭൂമിയിലേക്കുള്ള വരവിനാൽ കാലത്തിലുണ്ടായ വിഭജനം -അവന്റെ സേവനവും ശുശ്രൂഷയും അവന്റെ കുരിശുമരണവുമെല്ലാം നൂറ്റാണ്ടുകളായി നമ്മുടെ കലണ്ടറിന്റെ മുഖമുദ്രയായതിനെ ഒട്ടും അംഗീകരിക്കാൻ അവർ ആഗ്രഹിക്കുന്നില്ല.

യഹൂദ ചരിത്രം വിഭജിക്കപ്പെടുന്ന അടുത്ത കാലഘട്ടം A.D. 33 മുതൽ A.D. 1878 വരെയുള്ള കാലഘട്ടമാണ്. ആ വർഷങ്ങൾക്കിടയിൽ, യഹൂദ ജനത തങ്ങളുടെ പാപങ്ങൾക്ക് കർത്താവിൽ നിന്നുള്ള ശിക്ഷയുടെ ഭാഗമായി വളരെയധികം പീഡനങ്ങൾ അനുഭവിച്ചു. 1878-ൽ കാര്യങ്ങൾ അല്പം മെച്ചപ്പെടാൻ തുടങ്ങി. പ്രവചനങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരവും മറ്റു വിധങ്ങളിലും ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ യിസ്രായേലിന് ലഭിക്കുവാൻ തുടങ്ങി; ദൈവം അവരെ അനുഗ്രഹിച്ചു. ആദ്യം അത്രയധികമായല്ല, അല്പമാത്രമായി. യെശ. 40:2-ൽ നാം വായിക്കുന്നത്, "യെരൂശലേമിനോടു ആദരവോടെ സംസാരിച്ചു; അവളുടെ യുദ്ധസേവ കഴിഞ്ഞും അവളുടെ അകൃത്യം മോചിക്കപ്പെട്ടും അവൾ തന്റെ സകല പാപങ്ങൾക്കും പകരം യഹോവയുടെ കയ്യിൽ നിന്നും ഇരട്ടിയായി പ്രാപിച്ചിരിക്കുന്നു എന്ന് അവളോട് വിളിച്ചു പറവിൻ". ഇരട്ടി എന്ന് പരാമർശിക്കുമ്പോൾ അത് അർത്ഥമാക്കുന്നത് രണ്ട് തുല്യ കാലഘട്ടങ്ങൾ എന്നാണ്. ഇതിൽ ഒന്നാമത്തേത് യഹൂദയുഗത്തിലെ കൃപാകാലമായ 1845 വർഷങ്ങളും, രണ്ടാം ഘട്ടം സുവിശേഷയുഗത്തിലെ ശിക്ഷയുടെയും ഗുണീകരണത്തിന്റെയും കാലവുമാണ് (ആമോസ് 3:2).

യിസ്രായേല്യരുടെ ജീവിച്ചിരിക്കുന്ന തലമുറകളെ നമുക്ക് പരിഗണിക്കാം. ദൈവത്തിന്റെ കൃപ അവരിലേക്ക് വ്യാപിക്കുന്നു. അത് ശവകുടീരത്തിൽ പ്രവേശിച്ചവരിലേക്കും വ്യാപിക്കുന്നു. യെഹെ. 37:12-14, "യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ നിന്നും കയറ്റി യിസ്രായേൽ ദേശത്തേക്ക് കൊണ്ടുപോകും". ഇത് നാം സാധാരണയായി മനസ്സിലാക്കുന്നത് പോലെ, സഹസ്രാബ്ദ യുഗത്തിൽ, ജീവിച്ചിരിക്കുന്നവരുടെ ഇടയിലേക്കുള്ള മരിച്ചവരുടെ പുനരുത്ഥാനത്തെയല്ല. മരണത്തിൽ നിന്നുള്ള അക്ഷരീയ പുനരുത്ഥാനത്തെയുമല്ല, മറിച്ച് ഒരു ജനതയെന്ന നിലയിൽ യിസ്രായേലിനെ പുനഃസ്ഥാപിക്കുന്നതിനെയാണ് ഈ വാക്യം സൂചിപ്പിക്കുന്നത്. ഉണങ്ങിയ അസ്ഥികളുടെ താഴ്വരയെക്കുറിച്ചുള്ള യെഹെസ്കേലിന്റെ ദർശനത്താൽ ഇത് പ്രതീകാത്മകമായി ചിത്രീകരിക്കപ്പെടുന്നു. യെഹെ. 37:11-ൽ പ്രവാചകനായ യെഹെസ്കേൽ ഇപ്രകാരം പറയുന്നു: "മനുഷ്യപുത്രാ, ഈ അസ്ഥികൾ യിസ്രായേൽ ഗൃഹമൊക്കെയും ആകുന്നു." ഈ പ്രവചനം യഹൂദ ജനതയെ അസ്ഥികളുടെ ഈ വലിയ താഴ്വരയായി ചിത്രീകരിക്കുന്നു. ഭാവിയെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകൾ നൂറ്റാണ്ടുകളായി ഉണങ്ങി നശിച്ചിരിക്കുന്നു. എന്നാൽ, 1878 മുതൽ ഒരു പുനരുജ്ജീവനം ഉണ്ടായിക്കൊണ്ടിരിക്കുന്നു, 1948 മുതൽ അവർ ലോകത്തിൽ അംഗീകരിക്കപ്പെട്ട ഒരു ജനതയും ആകുന്നു. ഇപ്പോൾ ദർശനത്തിലേക്ക് മടങ്ങി വരുമ്പോൾ, ഞരമ്പുകൾ, പേശികൾ, തുടങ്ങിയ വിവിധ ശരീരഭാഗങ്ങൾ ആ അസ്ഥികളിലേക്ക് കൊണ്ടുവരപ്പെടുന്നത് നാം കാണുന്നു. ആ അസ്ഥികളിലേക്ക് മാംസം ചേർക്കപ്പെടുന്നു, അപ്പോൾ ഈ മനുഷ്യർ ഒരു ജനത എന്ന നിലയിൽ ലോകകാര്യങ്ങൾക്കിടയിലേക്കും ജീവിതത്തിലേക്കും മടങ്ങിവരും. ബൈബിൾ പ്രവചനത്തിന്റെ നിവൃത്തിയിൽ, ലോക സമൂഹത്തിലേക്കും സഹസ്രാബ്ദരാജ്യത്തിനായുള്ള ദൈവപദ്ധതിയുടെ പ്രാധാന്യത്തോടുള്ള അതിന്റെ പ്രത്യേക ബന്ധത്തിലേക്കും യിസ്രായേലിന്റെ പ്രാമുഖ്യം തിരികെ കൊണ്ടുവരുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്.

പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ കാലാവധി [2009-2021] അവസാനിച്ചതോടൊപ്പം ദൈവം അനുവദിച്ച രസകരമായ ഒരു സംഭവമുണ്ടായിരുന്നു. 2022 ജൂലൈ മാസത്തിൽ തത്വത്തിൽ രണ്ട് പുതിയ പ്രധാനമന്ത്രിമാർ ഉണ്ടായിരുന്നുവെന്ന് നാം ഓർക്കേണ്ടതുണ്ട്. എങ്ങനെയെന്നാൽ, നെതന്യാഹു വിരുദ്ധ സഖ്യത്തിന്റെ അനിഷേധ്യ നേതാവായ യെയർ ലാപിഡ്, ബെന്നറ്റിന്റെ 6 സീറ്റിന്മേൽ 17 നെസെറ്റ് സീറ്റുകൾ നേടുകയും, ബെന്നറ്റിനെ ആദ്യ ഊഴത്തിൽ പ്രധാനമന്ത്രിയാകാൻ മഹാമനസ്കതയോടെ അനുവദിക്കുകയും, ബെന്നറ്റ് പ്രധാനമന്ത്രിയുടെ ഇരിപ്പിടത്തിൽ ഇരിക്കുകയും ചെയ്തു. ഇത് തികച്ചും വളരെ അസാമാന്യമായിരുന്നു, രാഷ്ട്രീയം മാറ്റിനിർത്തിയാൽ, വളരെ വ്യത്യസ്തമായ ഒരു

കീഴ്.വഴക്കം സ്ഥാപിച്ചു. കൂടാതെ, ഭരണസഖ്യത്തിൽ ഒരു അറബ് പാർട്ടിയുടെ സാന്നിധ്യം ആദ്യമായി ഒരു യഥാർത്ഥ്യമായി മാറി.




പ്രധാനമന്ത്രിയുടെ കസേരയിൽ നെതന്യാഹുവിന്റെ അഭാവവും വാർത്താമണ്ഡലത്തിലും പൊതുകാര്യപരിപാടികളിലും അദ്ദേഹത്തിന്റെ ആധിപത്യം അവസാനിച്ചതും നിർണായകമായിരുന്നു. പുതിയ സഖ്യം "നെതന്യാഹു ഒഴികെ മറ്റാരും" എന്ന നാനാവിധക്കാരുടെ കൂട്ടായ്മ ഒരു പുതിയ സഖ്യമായി രൂപപ്പെടുകയും, അത് അതിന്റെ സ്വഭാവം ആർജ്ജിച്ച് മുമ്പോട്ട് പോയപ്പോൾ ഭരണനിർവ്വഹണത്തിന്റെ നിയമങ്ങളിലേക്കും, ഉറപ്പുള്ള സാമൂഹിക നയങ്ങളിലേക്കുള്ള പ്രത്യാശാനിർഭരമായ മടക്കവും, തീവ്രമായ രാഷ്ട്രീയ അവസ്ഥയുടെ നേരിയ ശാന്തതയെന്ന പ്രതീതിയും അതുണർത്തി. എന്നാൽ, ബെന്നറ്റിന് സ്ഥാനമൊഴിയേണ്ടി വന്നതോടെ ഇത് മാറി.

### പാലസ്തീൻ രാഷ്ട്രത്തിനായുള്ള കൂടിയാലോചന സമ്മേളനം

2007 ഡിസംബർ 17-ന് ഫ്രാൻസിലെ പാരീസിൽ എഴുപത് രാജ്യങ്ങൾ ഒത്തുകൂടിയെന്ന് ചരിത്രം നമ്മോട് പറയുന്നു. യിസ്രായേൽ രാഷ്ട്രത്തോട് ചേർന്ന്, തിങ്ങിനിറഞ്ഞ, ഭീഷണി ഉളവാക്കുന്ന ഒരു പാലസ്തീൻ രാഷ്ട്രത്തിന് വേണ്ടി നൂറുകണക്കിന് ദശലക്ഷം ഡോളർ (5.6 ബില്യൺ ഡോളർ) അല്ലെങ്കിൽ അതിൽ കൂടുതൽ സമാഹരിക്കുക എന്നതായിരുന്നു ലക്ഷ്യം. UN സെക്രട്ടറി ജനറൽ- ബാൻ കി മൂൺ, US സ്റ്റേറ്റ് സെക്രട്ടറി- കോണ്ടലീസ റൈസ്, റഷ്യൻ വിദേശകാര്യ മന്ത്രി- സെർജി ലാവ്റോവ്, യിസ്രായേൽ വിദേശകാര്യ മന്ത്രി- ടിസിപി ലിവ്നി എന്നിവർ സമ്മേളനത്തിൽ പങ്കെടുത്ത അന്താരാഷ്ട്ര പ്രതിനിധികളിൽ ഉൾപ്പെടുന്നു. ബ്രിട്ടൻന്റെ പ്രധാനമന്ത്രി സ്ഥാനമൊഴിഞ്ഞ ടോണി ബ്ലെയറായിരുന്നു പരിപാടിയുടെ സഹ അധ്യക്ഷൻ.

യൂറോപ്യൻ കമ്മീഷൻ, അറബ് ലീഗ്, ഇന്റർനാഷണൽ മോണിറ്ററി ഫണ്ട്, വേൾഡ് ബാങ്ക്, യൂറോപ്യൻ & അറേബ്യൻ ഫിനാൻഷ്യൽ ഫണ്ട് എന്നീ സംഘടനകളും ഇതിൽ പങ്കെടുത്തു. യൂറോപ്യൻ യൂണിയനിലെ 27 അംഗങ്ങളും മിഡിൽ ഈസ്റ്റേൺ രാജ്യങ്ങളുടെ പ്രതിനിധികളും ഉണ്ടായിരുന്നു.

ഇത് ജാതികളുടെ സഭയെക്കുറിച്ചുള്ള യെശയ്യാ പ്രവാചകന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു: ജനങ്ങളേ, തകർന്നു ഭ്രമിച്ചുപോകുവിൻ; സകല ദൂരദിക്കുകാരുമായുള്ളോരേ, ചെവിതരുവിൻ; അരകെട്ടി ഭ്രമിച്ചുപോകുവിൻ. കൂടി ആലോചിച്ചുകൊൾവിൻ, അത് നിഷ്ഫലമായിത്തീരും, ദൈവം ഞങ്ങളോടു കൂടെയുണ്ട് (യെശ. 8:9, 10).

പാലസ്തിൻ രാഷ്ട്രം യാഥാർത്ഥ്യമാവുകയും അതിന് യിസ്രയേൽ പ്രദേശങ്ങളിൻമേൽ സ്ഥായിയായ അവകാശം നല്കുകയും ചെയ്താൽ നാം കാത്തിരിക്കുന്നതായ പ്രവചിക്കപ്പെട്ടിരിക്കുന്ന "യാക്കോബിന്റെ കഷ്ടകാലം" അത് കൊണ്ടുവന്നേക്കാം.

### പാലസ്തീൻ രാഷ്ട്രം 2022

പാലസ്തീൻ രാഷ്ട്രം ഭാഗികമായി അംഗീകരിക്കപ്പെട്ട ഒരു പരമാധികാര രാഷ്ട്രമാണ്, ഇത് നിലവിൽ കൊസോവോ, തായ്‌വാൻ എന്നിവയ്ക്ക് സമാനമായി ഐക്യരാഷ്ട്രസഭ "അംഗമല്ലാത്ത നിരീക്ഷക രാഷ്ട്രം" ആയി തരംതിരിച്ചിരിക്കുന്നു. 2022 ഏപ്രിൽ പ്രകാരം, ഐക്യരാഷ്ട്രസഭയിലെ 193 അംഗങ്ങളിൽ 138 പേരും (ഒരു നിരീക്ഷകനും) പാലസ്തീനെ അംഗീകരിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി, പാലസ്തീൻ മെഡിറ്ററേനിയൻ മിഡിൽ ഈസ്റ്റിലാണ് സ്ഥിതി ചെയ്യുന്നത്, കൂടാതെ രണ്ട് വിദൂര പ്രദേശങ്ങളും ഉൾക്കൊള്ളുന്നു, വെസ്റ്റ് ബാങ്കും ഗാസ സ്ട്രിപ്പും. എന്നാൽ ഈ പ്രദേശങ്ങളെ ഭാഗികമായി അംഗീകരിക്കപ്പെട്ട മറ്റൊരു രാജ്യമായ യിസ്രായേൽ വേർതിരിക്കുന്നു. UN -ൽ ചേരുന്നതിന് ആവശ്യമായ അംഗീകാരം (193 അംഗങ്ങളിൽ 162) -അതിന്റെ രാഷ്ട്രപദവിയിൽ ചില അംഗങ്ങൾക്ക് തർക്കമുണ്ടെങ്കിലും- യിസ്രായേൽ നേടിയിട്ടുണ്ട്.

യിസ്രായേലി-പാലസ്തീനിയൻ സംഘർഷത്തിലെ രണ്ട് പ്രധാന കളിക്കാരാണ് പാലസ്തീനും യിസ്രായേലും. രാഷ്ട്രീയവും സൈനികവുമായ തർക്കത്തിൽ പാലസ്തീനിലെ യഹൂദന്മാരും യിസ്രായേലി അറബികളും/മുസ്ലീങ്ങളും ഒരേ പ്രദേശം അവകാശപ്പെടുന്നു, പ്രത്യേകിച്ച് ജറുസലേം നഗരം. ഇത് ഇരു വിശ്വാസങ്ങളിലും വിശുദ്ധമായി കണക്കാക്കപ്പെടുന്നു. നിലവിൽ രാഷ്ട്രീയമായി സങ്കീർണ്ണമായ, ചില സമയങ്ങളിൽ അക്രമാസക്തമായ

സ്തംഭനാവസ്ഥയിൽ രണ്ടും ബന്ധിച്ചിരിക്കുമ്പോൾ തന്നേ, പാലസ്തീൻ വേണ്ടത്ര UN അംഗരാജ്യങ്ങളിൽ നിന്ന് ഔപചാരികമായ അംഗീകാരം തേടുന്നത് തുടരുന്നു, അതുവഴി അതും പൂർണ്ണമായ UN അംഗത്വ പദവി കൈവരിക്കും.

ആധുനിക പാലസ്തീൻ പ്രദേശത്തെ ഗ്രീക്കുകാർ, റോമാക്കാർ, ഓട്ടോമൻ സാമ്രാജ്യം എന്നിവയുൾപ്പെടെ ചരിത്രത്തിലുടനീളം നിരവധി ഗ്രൂപ്പുകൾ ഭരിച്ചിട്ടുണ്ട്. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം, ബ്രിട്ടീഷുകാർ നിർബന്ധിത പാലസ്തീൻ (Mandatory Palestine) എന്ന ഒരു പ്രദേശം നിയന്ത്രണവിധേയമാക്കി, അത് ആധുനിക പാലസ്തീൻ, യിസ്രായേൽ, പിന്നെ ജോർദാൻ, ഈജിപ്ത് എന്നിവയിലെ ഏതാനും ഭാഗങ്ങൾ എന്നിവിടങ്ങളിൽ വ്യാപിച്ചു കിടക്കുന്ന പ്രദേശമായിരുന്നു. എന്നിരുന്നാലും, യഹൂദന്മാരും അറബികളും/മുസ്ലിങ്ങളും ഈ പ്രദേശത്ത് ഒരു പുതിയ, പ്രത്യേക രാജ്യം സ്ഥാപിക്കുന്നത് തങ്ങളുടെ അവകാശമാണെന്ന് പ്രഖ്യാപിച്ചു.

'ജെറുസലേം കണക്ഷൻ' റിപ്പോർട്ടു ചെയ്യുന്നത്: "പാലസ്തീനികൾ ഒരു കണ്ടുപിടിക്കപ്പെട്ട ജനതയാകുന്നു" എന്നാണ്. "പാലസ്തീൻ" (Palestine) എന്ന പദം "പാലസ്റ്റിന" (Palestina) എന്ന വാക്കിന്റെ റോമൻ-വൽക്കരണമാണ്. A.D. 135-ലെ 'ബാർ കോച്ച്ബ' (Bar Kochba) കലാപത്തിൽ ആ ദേശത്ത് താമസിച്ചിരുന്ന യഹൂദന്മാരെ റോമാക്കാർ പരാജയപ്പെടുത്തി കൈവശമാക്കിയ ശേഷം, റോം അവർക്ക് നൽകിയ പേരാണിത്. തോൽവിക്ക് ശേഷം യഹൂദന്മാരെ നിന്ദിച്ച് അപമാനിക്കാനുള്ള ക്രൂരമായ ശ്രമമായിരുന്നു അത്. റോം ഇവിടം കീഴടക്കിയതിനുശേഷം ഇത് ഒരു പരമാധികാര രാഷ്ട്രമോ ജനതയോ ആയിരുന്നില്ല. 1948-ൽ അവസാനിച്ച ബ്രിട്ടീഷ് മാൻഡേറ്റ് കാലഘട്ടം വരെ നിലവിലുള്ള ഭരണ ശക്തിയാൽ ഭരിക്കുന്ന ഒരു "പ്രദേശം" അല്ലെങ്കിൽ "മേഖല" ആയിരുന്നു അത്. അതിനുമുമ്പ് ഒരു "പലസ്തീനിയൻ" സാധാരണയായി ഒരു യഹൂദനെ കുറിച്ചിരുന്നു. 1964 മുതൽ പ്രാബല്യത്തിൽ വന്ന യാസർ അറാഫത്തിന്റെ തെറ്റിദ്ധാരണ പ്രചാരണ തന്ത്രത്തിന്റെ ഉൽപന്നമാണ്, അവരുടേതായ സംസ്കാരമുള്ള തനതായ പാലസ്തീനിയൻ ജനത എന്ന കെട്ടുകഥ. ഇവയൊന്നും അബ്രഹാമിന്റെ സന്തതികൾക്ക് ഒരു മാതൃരാജ്യത്തിനായുള്ള ദൈവത്തിന്റെ ശാശ്വത ഉടമ്പടിയെ അസാധുവാക്കുകയോ മാറ്റിസ്ഥാപിക്കുകയോ ചെയ്യുന്നില്ല (ഉൽപ. 15:18-19; 17:3-8).

"യിസ്രായേലിന്റെ തിരിച്ചുവരവിന്" മുമ്പ് താൻ പാലസ്തീൻ എന്ന് വിളിച്ചിരുന്ന ഭൂമിയാണിതെന്ന അവകാശവാദമാണ് യാസർ അറാഫത്ത് വച്ചിരിക്കുന്നത് [അവർ തങ്ങളുടെ നാട്ടിലേക്ക് മടങ്ങുന്നതിന് മുമ്പുള്ള സംഭവങ്ങൾ എന്നത്, ഇരുണ്ട യുഗങ്ങളിലും സമീപകാലത്തും എല്ലാ ജനതകൾക്കിടയിലും അവർ ചിതറിപ്പോയതും അവരുടെ പീഡനങ്ങളുമാണ്]. പല ദേശങ്ങളിലും, സുവിശേഷയുഗത്തിലുടനീളം അവർ ചിതറിപ്പോകുന്നത് പല പുസ്തകങ്ങളിലും പ്രവചിക്കപ്പെട്ടിട്ടുണ്ട്, അവയിൽ യിരെ. 16:13-16, "അതുകൊണ്ടു ഞാൻ നിങ്ങളെ ഈ ദേശത്തുനിന്നും നിങ്ങളും നിങ്ങളുടെ പിതാക്കന്മാരും അറിയാത്ത ഒരു ദേശത്തേക്ക് നീക്കിക്കളയും; അവിടെ നിങ്ങൾ രാവും പകലും അന്യദേവന്മാരെ സേവിക്കും; അവിടെ ഞാൻ നിങ്ങൾക്ക് കൃപ കാണിക്കയുമില്ല.... യിസ്രായേൽ മക്കളെ വടക്കേ ദേശത്തുനിന്നും താൻ അവരെ നീക്കിക്കളഞ്ഞിരുന്ന സകലദേശങ്ങളിൽ നിന്നും കൊണ്ടുവന്ന യഹോവയാണ എന്ന് പറയുന്ന കാലം വരും എന്ന് യഹോവയുടെ അരുളപ്പാട്; ഞാൻ അവരുടെ പിതാക്കന്മാർക്ക് കൊടുത്ത ദേശത്തിലേക്ക് ഞാൻ അവരെ വീണ്ടും കൊണ്ടുവരും." ആമോസ് 7:9 –ലും അവരുടെ ദേശവും നഗരങ്ങളും ശൂന്യമാകുന്നതിനെ പ്രവചിച്ചിരിക്കുന്നു. മുമ്പ് ഈ ഭൂമി ഒരു നല്ല ഭരണകൂടത്തിൻ കീഴിലായിരുന്നു കൊണ്ട് വിളകൾക്കായി നിലം ഒരുക്കുന്നതും കൃഷി ചെയ്യുന്നതുമായ പ്രവർത്തികളാൽ സമ്പന്നവും, തഴച്ചു വളരുന്ന ചെടികൾ നിറഞ്ഞതുമായിരുന്നു. എന്നാൽ ദൈവത്തിന്റെ വാക്കുകൾ വ്യത്യസ്തമാണ്: "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; മനുഷ്യരും മൃഗവുമില്ലാതെ ശൂന്യമായിരിക്കുന്നു എന്ന് നിങ്ങൾ പറയുന്ന ഈ സ്ഥലത്തും യെഹൂദാപട്ടണങ്ങളിലും മനുഷ്യനോ, നിവാസികളോ, മൃഗമോ ഇല്ലാതെ ശൂന്യമായിരിക്കുന്ന യെരൂശലേം വീഥികളിലും.. ഇനിയും... ശബ്ദം... കേൾക്കും" (യിരെ. 33:10).

ഹെരോദാവിന്റെ കല്ലുവെട്ടുകുഴി (ക്വാറി) കണ്ടെത്തി: ബൈബിളിലെ രണ്ടാം ദേവാലയ ചുറ്റുമതിൽ പുതുക്കിപ്പണിയാൻ ഉപയോഗിച്ച കല്ലുകൾ ഹെരോദാവ് രാജാവിന് നൽകിയ ഒരു ക്വാറി കണ്ടെത്തിയതായി യിസ്രായേലി പുരാവസ്തു ഗവേഷകർ അവകാശപ്പെടുന്നു. യെരൂശലേമിലെ പഴയ നഗരത്തിലെ കോമ്പൗണ്ട്

പുനർനിർമ്മിക്കുന്നതിന് 2,000 വർഷങ്ങൾക്ക് മുമ്പ് ഉപയോഗിച്ച പാറക്കല്ലുകളുടെ ഉറവിടം യെരൂശലേമിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു നിർദ്ദിഷ്ട സ്കൂളിന്റെ സ്ഥലത്ത് കണ്ടെത്തി. യെരൂശലേമിന് അടുത്തുള്ള 'രമാത് ഷലോമോ'യിലാണ് ഈ ക്വാറി. ഇന്ന്, ഹെരോദാവ് നവീകരിച്ച ചുറ്റുമതിൽ, വിശുദ്ധ ഭൂമിയിലെ ഏറ്റവും സ്ഫോടനാത്മകമായ മതപരമായ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്, അത് യഹൂദന്മാർക്ക് ടെംപിൾ മൗണ്ട് എന്നും മുസ്ലീങ്ങൾക്ക് നോബിൾ സാങ്ച്വറി എന്നും അറിയപ്പെടുന്നു.

20 ടണ്ണിലധികം ഭാരമുള്ള കൂറ്റൻ കല്ലുകൾക്കായി ഖനനം ചെയ്ത ക്വാറി ഇതുവരെ ഗവേഷകർക്ക് പിടികൊടുക്കാതിരുന്നു എന്നാണ് യിസ്രായേലി പുരാവസ്തു അതോറിറ്റിയിലെ പുരാവസ്തു ഗവേഷകനായ യുവാൽ ബറൂക്ക് പറഞ്ഞത്. B.C. 19-ൽ ഹെരോദാവിന്റെ വികസനത്തിന്റെ കാലത്ത് ഈ കല്ല് ഉപയോഗിക്കപ്പെട്ടിരുന്നതായി ക്വാറിയിൽ നിന്ന് കണ്ടെത്തിയ നാണയങ്ങളും മൺപാത്രങ്ങളും സ്ഥിരീകരിക്കുന്നുവെന്ന് ബറൂക്ക് പറയുന്നു. ചുണ്ണാമ്പുകല്ലിലെ കൂറ്റൻ പിളർപ്പുകളുടെ ഒരു ഭാഗത്താണ് ഏറ്റവും ശക്തമായ തെളിവ് കണ്ടെത്തിയത് - കല്ല് പിളർത്താൻ ഉപയോഗിക്കുന്ന ഇരുമ്പ് ആപ്പ്. "ഉപകരണം തെറ്റായി ഉപയോഗിക്കുകയും കുടുങ്ങിപ്പോകുകയും ചെയ്തു. 2,000 വർഷത്തോളം അത് അവിടെ തുടർന്നു - കാരണം ഒരു തൊഴിലാളിക്ക് അത് എന്തുചെയ്യണമെന്ന് അറിയില്ല," പുരാവസ്തു ഗവേഷകനായ എഹൂദ് നെഷർ പറഞ്ഞു.

നൂറുകണക്കിന അടിമകൾ പ്രവർത്തിക്കുന്ന ഒരു വലിയ പൊതു പദ്ധതിയെയാണ് ഈ സ്ഥലത്തെ കല്ലുകളുടെ വലിയ രൂപരേഖ സൂചിപ്പിക്കുന്നതെന്ന് നെഷർ പറഞ്ഞു. "സ്വകാര്യമായി ഒന്നും ചെയ്യാൻ കഴിയില്ല," "ഇത് ഹെരോദാവിന്റേതാണ്," നെഷർ പറയുന്നു.

A.D. 70 -ൽ രണ്ടാമത്തെ ദേവാലയം റോമാക്കാർ നിരപ്പാക്കി. യഹൂദന്മാരുടെ ഏറ്റവും വിശുദ്ധമായ പ്രാർത്ഥനാകേന്ദ്രമായ വെസ്റ്റേൺ വാൾ, യഹൂദന്മാർ ദേവാലയം നിലനിന്നിരുന്നതായി വിശ്വസിക്കുന്ന പർവതത്തിന്റെ സംരക്ഷണ ഭിത്തിയുടെ ഏറ്റവും അറിയപ്പെടുന്ന അവശിഷ്ടമാണ്. അവിടെയാണ് ഇന്ന് അൽ-അക്സാ മോസ്കും സ്വർണ്ണ മകുടമുള്ള ഡോം ഓഫ് ദ റോക്കും സ്ഥിതിചെയ്യുന്നത്.

## യിസ്രായേൽ, അനുഗ്രഹത്തിന്റെ മാർഗ്ഗം

യിസ്രായേൽ പുനരുജ്ജീവിപ്പിക്കപ്പെടുകയും വീണ്ടും ഒരു സ്വതന്ത്ര രാഷ്ട്രമായി മാറുകയും ചെയ്തു. 1948 മുതൽ ഏകദേശം 35,00,000 യഹൂദന്മാർ യിസ്രായേലിലേക്ക് കുടിയേറി! അവർ തങ്ങളുടെ 'ആലിയ'യെ വാഗ്ദത്ത ഭൂമിയിലേക്ക് തിരികെ കൊണ്ടുവന്നിരിക്കുന്നു. [യിസ്രായേൽ ദേശത്തേക്ക് മടങ്ങുന്ന യഹൂദ പ്രവൃത്തിയുടെ ബൈബിൾ പദമാണ് ആലിയ. പ്രവാസി യഹൂദന്മാരുടെ യിസ്രായേൽ രാജ്യത്തിലേക്കുള്ള കുടിയേറ്റത്തിന്റെ ആധുനിക പദമായി പുരാതന സംഭവങ്ങളിൽ നിന്ന് ഇത് ആധികാരികമായി സ്വീകരിച്ചു]. യെഹെ. 20:41 -ൽ ദൈവം അരുളിചെയ്യുന്നത്: "ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ  നിന്നും പുറപ്പെടുവിച്ചു, നിങ്ങൾ ചിതറിപ്പോയിരിക്കുന്ന രാജ്യങ്ങളിൽ നിന്നു ശേഖരിക്കുമ്പോൾ ഞാൻ നിങ്ങളെ സൗരഭ്യവാസനയായി സ്വീകരിക്കും; അങ്ങനെ ഞാൻ ജാതികൾ കാൺകെ നിങ്ങളിൽ വിശുദ്ധീകരിക്കപ്പെടും".

മനുഷ്യവർഗത്തിനുള്ള മശിഹൈക അനുഗ്രഹത്തിന്റെ മാർഗ്ഗമെന്ന നിലയിൽ യിസ്രായേലിന്റെ യഥാർത്ഥ ഉയർച്ചയ്ക്കുള്ള ദീർഘകാലവാഗ്ദാനത്തിന്റെ സമയം അതിവിദൂരമല്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇപ്പോഴത്തെ ലോകം നീങ്ങി പുതിയ ക്രമം നിലവിൽ വരുന്നതിന് മുന്നോടിയായി മറ്റൊരു കഷ്ടതയുടെ ഉച്ചസ്ഥായി ഉണ്ടായിരിക്കും. ഇപ്പോൾ പൂർണ്ണ അവസ്ഥയിൽ എത്തിയിട്ടില്ലാത്ത പ്രവാചകന്മാർ പ്രസ്താവിച്ച "യാക്കോബിന്റെ കഷ്ടകാലം" യിസ്രയേല്യർക്കിടയിലും അറബ് രാഷ്ട്രങ്ങൾക്കിടയിലും ലോകമെമ്പാടും കൂടുതലായ ശുദ്ധീകരണ വേല നിർവ്വഹിക്കും (യിരെ. 30:1-7; യെശ. 2:2-5). മനുഷ്യസമൂഹത്തിൽ ദൈവം സ്ഥാപിക്കാൻ പോകുന്ന പ്രതീകാത്മകമായ പുതിയ ആകാശങ്ങളിലും പുതിയ ഭൂമിയിലും സന്തോഷിക്കുന്നതിൽ നിന്ന് കർത്താവിന്റെ ജനമെന്ന നിലയിൽ ഈ കാര്യങ്ങൾ നമ്മെ തടസ്സപ്പെടുത്തുകയില്ല - "നാം, അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു (2 പത്രൊ. 3:13).

## ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഉറപ്പുള്ളതാണ്

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറ്റപ്പെടുമെന്ന് ഉറപ്പാണ്. ഈ ദുഷ്ടലോകത്തിന് ദൈവത്തിന്റെ പൂർണ്ണമായ അനുഗ്രഹമില്ല, തൽഫലമായി അത് ദൈവിക

വാഗ്ദത്തങ്ങളുടെ സ്വീകാര്യകർത്താവാകയില്ല. ദൈവീക പദ്ധതി പ്രകാരമുള്ള അനുഗ്രഹങ്ങൾ ഭൂമിയിലെ അവന്റെ സഹസ്രാബ്ദ രാജ്യത്തിൽ പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടും, അത് ഇനിയും ഭാവിയിലായിരിക്കും, ആ സമയത്ത് പുതിയ കാര്യക്രമങ്ങൾ പ്രവർത്തിക്കും. പാലസ്തീനിയൻ ജനതയ്ക്ക് ഒടുവിൽ സന്തോഷകരവും സ്ഥിരതയുള്ളതുമായ ഒരു ഭാവി ഉണ്ടായിരിക്കുമെന്ന് ഉറപ്പാണ്, എന്നാൽ അതിനിടയിൽ അവർ ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുള്ള ദൈവത്തിന്റെ ക്രമീകരണങ്ങളെ അംഗീകരിക്കാൻ പഠിക്കേണ്ടതുണ്ട്. ഈ അനുഗ്രഹങ്ങൾ അടുത്ത യുഗത്തിൽ ഭൂമിയിലെ പ്രധാന രാഷ്ട്രമായി യിസ്രായേൽ എന്ന മാധ്യമത്തിലൂടെ വരും എന്നതാണ് ദൈവിക ക്രമീകരണം. രാജ്യത്തിന്റെ ഭൗമിക ഘട്ടത്തിൽ എത്തുന്ന എല്ലാവരും, നാം ഉൾപ്പെടെയുള്ള എല്ലാ മനുഷ്യരും, ആ ദിവസത്തിൽ സ്ഥാപിക്കപ്പെടുന്ന ക്രിസ്തുവിന്റെ ഭരണത്തിന് കീഴ് പ്പെടേണ്ടതുണ്ട്. ഇക്കാലത്ത്, ദൈവം താൻ തിരഞ്ഞെടുത്തിരിക്കുന്ന യിസ്രായേലിലൂടെ തന്റെ ഇഷ്ടം നടപ്പിലാക്കുകയാണ്. യിസ്രായേൽ സദ്ഗുണത്തിന്റെ മാതൃകയാണെന്ന് ഇതിനർത്ഥമില്ല. അവിടത്തെ ജനങ്ങളിൽ പലരും മതേതരരും, അബ്രഹാമിനും അവരുടെ പൂർവ്വപിതാക്കന്മാർക്കും നൽകിയ വാഗ്ദാനങ്ങളിൽ ഒട്ടും താല്പര്യമില്ലാത്തവരുമാണ്. അതിനാൽ, അവർ നീതിപൂർവ്വം പെരുമാറുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. എന്നാൽ ഈ ജനത്തോടുള്ള ദൈവത്തിന്റെ സ്നേഹം അവരുടെ നീതിയിലല്ല, മറിച്ച് തന്റെ വാഗ്ദാനങ്ങളിലാണ്. പൗലൊസ് അപ്പൊസ്തലൻ വ്യക്തമാക്കുന്നത്, പിതാക്കന്മാർനിമിത്തം യിസ്രായേൽ പ്രിയപ്പെട്ടവരാണെന്നാണ് (റോമ. 11:28, 29).

ദൈവം തന്റെ ജനമായ യിസ്രായേലിനെ, അവരേകുറിച്ചുള്ള തന്റെ ഉദ്ദേശ്യങ്ങളിലും തന്റെ പദ്ധതികളിലും അവർ അന്ധരാണെങ്കിലും സ്നേഹിക്കുന്നു. അതുപോലെ, അബ്രഹാമിന്റെ ദൈവത്തോടുള്ള ഭക്തിയെ പ്രതിജ്ഞ ചെയ്യുന്ന എല്ലാവരോടും അങ്ങനെതന്നേയാണ്. സ്വയമേ ആരും പൂർണ്ണരല്ല. എല്ലാവരും -യഹൂദൻ, മുസ്ലീം, വിജാതീയൻ-എല്ലാവരും ക്രിസ്തുയേശുവിൽ, ദൈവപുത്രനിൽ, മിശിഹായിൽ വിശ്വസിക്കുകയും അംഗീകരിക്കുകയും വേണം. മിക്ക യഹൂദർക്കും ഇത് സ്വീകാര്യമല്ല, കാരണം അവർ ന്യായപ്രമാണത്തിലും അവരുടെ പാരമ്പര്യങ്ങളിലും വിശ്വസിക്കുന്നു. മിക്ക മുസ്ലീങ്ങൾക്കും ഈ വ്യവസ്ഥ, മറികടക്കാൻ ബുദ്ധിമുട്ടുള്ള ഒരു പർവതമാണ്, കാരണം അല്ലാഹുവിന് സന്തതികളില്ലെന്ന് അവരുടെ രചനകൾ പഠിപ്പിക്കുന്നു. ഭൗതികവാദത്തിലോ സ്വയ-നിലനിൽപ്പിന്റെ ദൈനംദിന ഞെരുക്കത്തിലോ മുങ്ങിപ്പോയ ലോകത്തിലെ ബഹുഭൂരിപക്ഷത്തിനും, അവർക്ക് രക്ഷ ആവശ്യമാണെന്ന വസ്തുത മനസ്സിലാക്കാൻ കഴിയുന്നതിലും അപ്പുറമാണ്. തന്റെ മകനായ യിസ്ഹാക്കിനെ കൊല്ലുന്നതിൽ നിന്ന് അബ്രഹാമിന്റെ കൈ ദൈവം തടഞ്ഞത് പോലെ, യിസ്രായേലിന്റെ ശത്രുക്കൾ, അവർ അറബിയോ വിജാതിയരോ ആകട്ടെ, യഹൂദ ജനതയെ നശിപ്പിക്കാനുള്ള അവരുടെ ശ്രമത്തിൽ പരാജയപ്പെടും.

യിസ്രായേലിന്റെ പ്രവാചകനായ യെശയ്യാവ് 54:17-ൽ എഴുതി: "നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കുകയില്ല." ഒരു ചാവേർ ബോംബറോ, മിസൈലോ, യുദ്ധവിമാനമോ, റോക്കറ്റോ യാതൊന്നിനും ദൈവജനത്തെ തടയാനോ അവൻ അവർക്ക് നൽകിയ ഭൂമിയിൽ നിന്ന് വേർപെടുത്താനോ കഴിയുകയില്ല. ഒരു പാലസ്തീൻ രാഷ്ട്രം ഒരു സമ്പൂർണ്ണ യാഥാർത്ഥ്യമാകുമോ എന്നത് കാണേണ്ടിയിരിക്കുന്നു, എന്നാൽ അബ്രഹാമിന്റേയും യിസ്ഹാക്കിന്റേയും യാക്കോബിന്റേയും ദൈവം യിസ്രായേലിന്റെ നിലനിൽപ്പിന്റെ ചെലവിൽ അത് അനുവദിക്കില്ല.

"യിസ്രായേലിന്റെ മടങ്ങിവരവ്" യഹോവയുടെ പദ്ധതിയാണെന്ന് തിരുവെഴുത്തുകൾ നൽകുന്ന ഉറപ്പോടെ ഞങ്ങൾ ഉപസംഹരിക്കുന്നു: യിരെമ്യാവ് 31: 4-7, "യിസ്രായേൽ കന്യകയേ, ഞാൻ നിനക്കു വീണ്ടും അഭിവൃദ്ധി വരുത്തുകയും നീ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും; നീ ഇനിയും ചേലോടെ തപ്പ് എടുത്തുംകൊണ്ടു സന്തോഷിച്ചു, നൃത്തം ചെയ്യുന്നവരുടെ നിരയിൽ പുറപ്പെടും. നീ ഇനിയും ശമര്യപർവ്വതങ്ങളിൽ മുന്തിരിത്തോട്ടം ഉണ്ടാക്കും; കൃഷിക്കാർ കൃഷി ചെയ്ത് ഫലം അനുഭവിക്കും. എഴുന്നേല്പിൻ, നാം സീയോനിലേക്ക്, നമ്മുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക്, കയറിപ്പോക എന്ന് കാവൽക്കാർ എഫ്രയീം മലനാട്ടിൽ വിളിച്ചുപറയുന്ന നാൾ വരും. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യാക്കോബിനെ ചൊല്ലി ഘോഷിച്ചുല്ലസിപ്പിൻ! ജാതികളുടെ തലവനെക്കുറിച്ച് സന്തോഷിച്ചു ആർപ്പിടുവിൻ! ഘോഷിച്ചും സ്തുതിച്ചുംകൊണ്ട്: യഹോവേ, യിസ്രായേലിന്റെ ശേഷിപ്പായിരിക്കുന്ന നിന്റെ ജനത്തെ രക്ഷിക്കേണമേ എന്ന് പറവിൻ!"

# ബൈബിൾ സംഭാഷണങ്ങൾ

**കഥകൾ ലളിത ഭാഷയിൽ**

**ഒരിക്കലും പഴകിപ്പോകാത്ത ഒരു പുസ്തകത്തിൽ നിന്നും**

## യോസേഫ് ഫറവോന് മുൻപാകെ.

ഉല്പ.41:1-52

രണ്ടു സംവത്സരം കഴിഞ്ഞ ശേഷം ഫറവോൻ ഒരു സ്വപ്നം കണ്ടതെന്തെന്നാൽ: അവൻ നദീതീരത്തു നിന്നു. അപ്പോൾ രൂപഗുണവും മാംസപുഷ്ടിയുമുള്ള ഏഴു പശു നദിയിൽനിന്നു കയറി, ഞാങ്ങണയുടെ ഇടയിൽ മേഞ്ഞുകൊണ്ടിരുന്നു. അവയുടെ പിന്നാലെ മെലിഞ്ഞും വിരൂപവുമായുള്ള വേറെ ഏഴു പശു നദിയിൽനിന്നു കയറി, നദീതീരത്തു മറ്റേ പശുക്കളുടെ അരികെ നിന്നു. മെലിഞ്ഞും വിരൂപവുമായുള്ള പശുക്കൾ രൂപഗുണവും മാംസപുഷ്ടിയുമുള്ള ഏഴു പശുക്കളെ തിന്നുകളഞ്ഞു; അപ്പോൾ ഫറവോൻ ഉണർന്നു. അവൻ പിന്നെയും ഉറങ്ങി, രണ്ടാമതും ഒരു സ്വപ്നം കണ്ടു; പുഷ്ടിയുള്ളതും നല്ലതുമായ ഏഴു കതിർ ഒരു തണ്ടിൽനിന്നു പൊങ്ങി വന്നു. അവയുടെ പിന്നാലെ നേർത്തും കിഴക്കൻകാറ്റിനാൽ കരിഞ്ഞുമിരിക്കുന്ന ഏഴു കതിർ പൊങ്ങി വന്നു. നേർത്ത ഏഴു കതിരുകൾ പുഷ്ടിയും മണിക്കരുത്തുമുള്ള ഏഴു കതിരുകളെ വിഴുങ്ങി കളഞ്ഞു. അപ്പോൾ ഫറവോൻ ഉണർന്നു, അത് സ്വപ്നം എന്ന് അറിഞ്ഞു. പ്രാതഃകാലത്തു അവൻ വ്യാകുലപ്പെട്ടു മിസ്രയീമിലെ മന്ത്രവാദികളെയും ജ്ഞാനികളെയും എല്ലാം ആളയച്ചു വരുത്തി അവരോടു തന്റെ സ്വപ്നം പറഞ്ഞു. എന്നാൽ വ്യാഖ്യാനിപ്പാൻ ആർക്കും കഴിഞ്ഞില്ല.

അപ്പോൾ പാനപാത്രവാഹകന്മാരുടെ പ്രമാണി ഫറവോനോടു പറഞ്ഞതു: ഇന്ന് ഞാൻ എന്റെ കുറ്റം ഓർക്കുന്നു. ഫറവോൻ അടിയങ്ങളോട് കോപിച്ചു, എന്നെയും അപ്പക്കാരുടെ പ്രമാണിയെയും അകമ്പടിനായകന്റെ വീട്ടിൽ തടവിലാക്കിയിരുന്നുവല്ലോ. അവിടെവച്ചു ഞാനും അവനും ഒരു രാത്രിയിൽ തന്നേ സ്വപ്നം കണ്ടു; വെവ്വേറെ അർത്ഥമുള്ള സ്വപ്നം ആയിരുന്നു ഓരോരുത്തൻ കണ്ടത്. അവിടെ അകമ്പടിനായകന്റെ ദാസനായ ഒരു എബ്രായ യൗവനക്കാരൻ ഞങ്ങളോടു കൂടെ ഉണ്ടായിരുന്നു; ഞങ്ങൾ അവനോടു അറിയിച്ചാറെ അവൻ സ്വപ്നങ്ങളെ വ്യാഖ്യാനിച്ചു; ഓരോരുത്തന് താന്താന്റെ സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞുതന്നു. അവൻ അർത്ഥം പറഞ്ഞതുപോലെ തന്നേ ഭവിച്ചു; എന്നെ വീണ്ടും സ്ഥാനത്തു ആക്കുകയും മറ്റവനെ തൂക്കിക്കളകയും ചെയ്തുവല്ലോ.

ഉടനെ ഫറവോൻ ആളയച്ചു യോസേഫിനെ വിളിപ്പിച്ചു. അവർ അവനെ വേഗത്തിൽ കുണ്ടറയിൽനിന്നു ഇറക്കി; അവൻ ക്ഷൗരം ചെയ്തു, വസ്ത്രം മാറി, ഫറവോന്റെ അടുക്കൽ ചെന്നു. ഫറവോൻ യോസേഫിനോടു: ഞാൻ ഒരു സ്വപ്നം കണ്ടു; അതിനെ വ്യാഖ്യാനിപ്പാൻ ആരുമില്ല; എന്നാൽ നീ ഒരു സ്വപ്നം കേട്ടാൽ വ്യാഖ്യാനിക്കുമെന്നു നിന്നെക്കുറിച്ചു ഞാൻ കേട്ടിരിക്കുന്നു എന്നു പറഞ്ഞു. അതിനു യോസേഫ് ഫറവോനോടു: ഞാനല്ല, ദൈവം തന്നെ ഫറവോന്നു ശുഭമായൊരു ഉത്തരം നൽകും എന്നു പറഞ്ഞു.

പിന്നെ ഫറവോൻ യോസേഫിനോട് പറഞ്ഞത്: എന്റെ സ്വപ്നത്തിൽ ഞാൻ നദീതീരത്തു നിന്നു. അപ്പോൾ മാംസപുഷ്ടിയും രൂപഗുണവുമുള്ള ഏഴു പശു നദിയിൽനിന്നു കയറി ഞാങ്ങണയുടെ ഇടയിൽ മേഞ്ഞുകൊണ്ടിരുന്നു. അവയുടെ പിന്നാലെ ക്ഷീണിച്ചും മെലിഞ്ഞും എത്രയും വിരൂപമായുമുള്ള വേറെ ഏഴു പശു കയറി വന്നു; അത്ര വിരൂപമായവയെ ഞാൻ മിസ്രയീംദേശത്തു എങ്ങും കണ്ടിട്ടില്ല. എന്നാൽ മെലിഞ്ഞും വിരൂപമായുമുള്ള പശുക്കൾ പുഷ്ടിയുള്ള മുൻപിലത്തെ ഏഴു പശുക്കളെ തിന്നുകളഞ്ഞു; ഇവ അവയുടെ വയറ്റിൽ ചെന്നിട്ടും വയറ്റിൽ ചെന്നു എന്ന് അറിവാനില്ലായിരുന്നു; അവ മുമ്പിലത്തെപ്പോലെ തന്നേ വിരൂപമുള്ളവ ആയിരുന്നു.

പിന്നെയും ഞാൻ സ്വപ്നത്തിൽ കണ്ടത്: നിറഞ്ഞതും നല്ലതുമായ ഏഴു കതിർ ഒരു തണ്ടിൽ പൊങ്ങിവന്നു. അവയുടെ പിന്നാലെ ഉണങ്ങിയും നേർത്തും കിഴക്കൻ കാറ്റിനാൽ കരിഞ്ഞുമിരിക്കുന്ന ഏഴു കതിർ പൊങ്ങിവന്നു. നേർത്ത കതിർ ഏഴു നല്ല കതിരുകളെ വിഴുങ്ങിക്കളഞ്ഞു. ഇത് ഞാൻ മന്ത്രവാദികളോടു പറഞ്ഞു; എന്നാൽ വ്യാഖ്യാനിപ്പാൻ ആർക്കും കഴിഞ്ഞില്ല.

അപ്പോൾ യോസേഫ് ഫറവോനോട് പറഞ്ഞത്: ഫറവോന്റെ സ്വപ്നം ഒന്നുതന്നെ; താൻ ചെയ്‌വാൻ ഭാവിക്കുന്നത് ദൈവം ഫറവോന് വെളിപ്പെടുത്തിയിരിക്കുന്നു. ഏഴു നല്ല പശു ഏഴു സംവത്സരം; നല്ല കതിരും ഏഴു സംവത്സരം; സ്വപ്നം ഒന്നുതന്നെ. അവയുടെ പിന്നാലെ കയറിവന്ന മെലിഞ്ഞും വിരൂപമായുമുള്ള ഏഴു പശുവും കിഴക്കൻകാറ്റിനാൽ കരിഞ്ഞു പതിരായുള്ള ഏഴു കതിരും ഏഴു സംവത്സരം; അവ ക്ഷാമമുള്ള ഏഴു സംവത്സരം ആകുന്നു.

ദൈവം ചെയ്‌വാൻ ഭാവിക്കുന്നത് ഫറവോന്നു കാണിച്ചുതന്നിരിക്കുന്നു. അതാകുന്നു ഞാൻ ഫറവോനോട് പറഞ്ഞത്. മിസ്രയീംദേശത്തു ഒക്കേയും ബഹു സുഭിക്ഷമായ ഏഴു സംവത്സരം വരും. അതു കഴിഞ്ഞിട്ടു ക്ഷാമമുള്ള ഏഴു സംവത്സരം വരും; അപ്പോൾ മിസ്രയീംദേശത്തു

ആ സുഭിക്ഷത ഒക്കെയും മറന്നിരിക്കും; ക്ഷാമത്താൽ ദേശമൊക്കെയും ക്ഷയിച്ചുപോകും. പിൻവരുന്ന ക്ഷാമം അതികഠിനമായിരിക്കയാൽ ദേശത്തുണ്ടായിരുന്ന സുഭിക്ഷത അറിയാതെയായിപ്പോകും. ഫറവോന്നു സ്വപ്നം രണ്ടുവട്ടം ഉണ്ടായതോ കാര്യം ദൈവത്തിന്റെ മുൻപാകെ സ്ഥിരമായിരിക്കകൊണ്ടും ദൈവം അതിനെ വേഗത്തിൽ വരുത്തുവാനിരിക്കകൊണ്ടും ആകുന്നു.

ആകയാൽ ഫറവോൻ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനെ അന്വേഷിച്ചു മിസ്രയീംദേശത്തിനു മേലധികാരി ആക്കി വെക്കേണം. അതുകൂടാതെ ഫറവോൻ ദേശത്തിന്മേൽ വിചാരകന്മാരെ ആക്കി, സുഭിക്ഷതയുള്ള ഏഴു സംവത്സരത്തിൽ മിസ്രയീംദേശത്തിലെ വിളവിൽ അഞ്ചിലൊന്നു വാങ്ങേണം. ഈ വരുന്ന നല്ല സംവത്സരങ്ങളിലെ വിളവൊക്കെയും ശേഖരിച്ചു പട്ടണങ്ങളിൽ ഫറവോന്റെ അധീനത്തിൽ ധാന്യം സൂക്ഷിച്ചു വെക്കേണം. ആ ധാന്യം മിസ്രയീംദേശത്തു വരുവാൻ പോകുന്ന ക്ഷാമമുള്ള ഏഴു സംവത്സരത്തേക്കു ദേശത്തിനു സംഗ്രഹമായിട്ടിരിക്കേണം; എന്നാൽ ദേശം ക്ഷാമം കൊണ്ടു നശിക്കയില്ല. ഈ വാക്കു ഫറവോനും അവന്റെ സകല ഭൃത്യന്മാർക്കും ബോധിച്ചു. അങ്ങനെ രാജാവ് ക്ഷാമം നിമിത്തം സംഭരണ ശാല തയ്യാറാക്കാൻ തുടങ്ങി.

ഫറവോൻ തന്റെ ഭൃത്യന്മാരോട്: ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുവനെ കണ്ടുകിട്ടുമോ എന്ന് പറഞ്ഞു. പിന്നെ ഫറവോൻ യോസേഫിനോട്: ദൈവം ഇതൊക്കെയും നിനക്ക് വെളിപ്പെടുത്തി തന്നതുകൊണ്ട് നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനുമില്ല. നീ എന്റെ ഗൃഹത്തിന് മേലധികാരിയാകും; നിന്റെ വാക്ക് എന്റെ ജനമെല്ലാം അനുസരിച്ചു നടക്കും; സിംഹാസനംകൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്ന് പറഞ്ഞു. ഇതാ, മിസ്രയീംദേശത്തിനൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു, എന്നും ഫറവോൻ യോസേഫിനോട് പറഞ്ഞു.

ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു  ഇട്ടു, അവനെ നേർമയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു. തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി: മുട്ടുകുത്തുവീൻ എന്ന് അവന്റെ മുന്നിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീംദേശത്തിനൊക്കെയും മേലധികാരിയാക്കി. പിന്നെ ഫറവോൻ യോസേഫിനോട്: ഞാൻ ഫറവോൻ ആകുന്നു; നിന്റെ കൽപ്പന കൂടാതെ മിസ്രയീംദേശത്തു എങ്ങും യാതൊരുത്തനും കയ്യോ കാലോ അനക്കുകയില്ല എന്ന് പറഞ്ഞു. ഫറവോൻ യോസേഫിനു സാപ്നത്ത് പനേഹ് എന്ന് പേരിട്ടു; ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെ അവനു ഭാര്യയായി കൊടുത്തു.

പിന്നെ യോസേഫ് മിസ്രയീംദേശത്തു സഞ്ചരിച്ചു. യോസേഫ് മിസ്രയീം രാജാവായ ഫറവോന്റെ മുൻപാകെ നിൽക്കുമ്പോൾ അവന്നു മുപ്പതു വയസായിരുന്നു. യോസേഫ് ഫറവോന്റെ സന്നിധാനത്തിൽ നിന്ന് പുറപ്പെട്ടു മിസ്രയീംദേശത്തു ഒക്കെയും സഞ്ചരിച്ചു.

എന്നാൽ സുഭിക്ഷമായ ഏഴു സംവത്സരവും ദേശം സമൃദ്ധിയായി വിളഞ്ഞു. മിസ്രയീം ദേശത്തു സുഭിക്ഷത ഉണ്ടായ ഏഴു സംവത്സരത്തിലെ ധാന്യം ഒക്കെയും അവൻ ശേഖരിച്ചു പട്ടണങ്ങളിൽ സൂക്ഷിച്ചു; ഓരോ പട്ടണത്തിൽ ചുറ്റുവട്ടത്തുള്ള നിലത്തിലെ ധാന്യം സൂക്ഷിച്ചു. അങ്ങനെ യോസേഫ് കടൽക്കരയിലെ മണൽ പോലെ എത്രയും വളരെ ധാന്യം ശേഖരിച്ചുവെച്ചു.

ക്ഷാമകാലം വരുംമുമ്പേ യോസേഫിനു രണ്ടു പുത്രന്മാർ ജനിച്ചു; അവരെ ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്ത് പ്രസവിച്ചു. എന്റെ സകലകഷ്ടതയും എന്റെ പിതൃഭവനം ഒക്കെയും ദൈവം എന്നെ മറക്കുമാറാക്കി എന്ന് പറഞ്ഞു യോസേഫ് തന്റെ ആദ്യജാതനു മനശ്ശെ എന്ന് പേരിട്ടു. സങ്കടദേശത്തു ദൈവം എന്നെ വർദ്ധിപ്പിച്ചു എന്ന് പറഞ്ഞു, അവൻ രണ്ടാമത്തവനു എഫ്രയീം എന്നു പേരിട്ടു.

### നുറുങ്ങിയ ഹൃദയത്തെ സുഖപ്പെടുത്തുന്നു

ദുഃഖിച്ചും ക്ഷീണിച്ചും നിരുത്സാഹപ്പെട്ടും
നീണ്ട പകലിലെ പോരാട്ടത്താൽ ക്ഷീണിതനും
ജീവിതമാകുന്ന കടലിനു മുകളിലുള്ള
വിശ്രമമില്ലാത്ത ഇളക്കങ്ങളാൽ ക്ഷതമേറ്റും
മുറുകെ പിടിച്ചിരുന്ന കരങ്ങളാൽ മുറിവേറ്റും
അഭയത്തിനും വിശ്രമത്തിനും വാഞ്ഛിച്ചുകൊണ്ടും
വിശന്നും തളർന്നും സംശയത്താൽ നിറഞ്ഞും
പുസ്തകത്തിങ്കലേക്ക് ഞാൻ കടന്നു വന്നു.

മാധുര്യമേറിയ പഴയ അദ്ധ്യായങ്ങളിൽ ഒന്ന്
ചിലപ്പോൾ ഒന്നോ രണ്ടോ വാക്യങ്ങൾ
സുഖപ്പെടുത്തുന്നതാകും മഞ്ഞുപോലെ
അസ്വസ്ഥമാം എൻ ആത്മാവിൽ പതിക്കുന്നു
ജ്വരബാധിതമായ സ്പന്ദനങ്ങളെ സാന്ത്വനിപ്പിച്ച്
ആത്മാവിന്റെ നൈരാശ്യത്തെ ആശ്വസിപ്പിച്ച്
എൻ ജീവിതപാതയിലെ മറവുകളെ നീക്കിക്കൊണ്ട്
മേഘങ്ങളെ ദൂരത്താക്കി സംരക്ഷിക്കുന്നു.

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും"
ദുഃഖത്താലും സങ്കടത്താലും ഭാരപ്പെടുന്നവരും
"മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കുമത്"
അവിടെ നിങ്ങൾ ആശ്വാസം കണ്ടെത്തും.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

**എല്ലാ ദിവസവും**
**ദൈവം നിങ്ങളെക്കുറിച്ച് ചിന്തിക്കുന്നു.**
സങ്കീർത്തനം 139:17

**എല്ലാ മണിക്കൂറും**
**ദൈവം നിങ്ങളെ പരിപാലിക്കുന്നു.**
2 തെസ്സലോനിക്യർ 3:3

**എല്ലാ മിനിറ്റിലും**
**ദൈവം നിങ്ങൾക്കായി കരുതുന്നു.**
1 പത്രൊസ് 5:7

**എന്തുകൊണ്ടെന്നാൽ**
**ഓരോ നിമിഷവും അവൻ നിങ്ങളെ സ്നേഹിക്കുന്നു.**
യിരെമ്യാവ് 31:3

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**